05.06.2025
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy

www.sdpathram.com

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Vol. 26
Issue 11

കവർ സ്റ്റോറി

മാർ അപ്രേം പറഞ്ഞതും പെന്തക്കോസ്തുകാർ അറിയേണ്ടതും

ഓർത്തഡോക്സ് സഭയുടെ അടൂർ-കടമ്പനാട് ഭദ്രാസനങ്ങളുടെ ചുമതലയുണ്ടായിരുന്ന ബിഷപ്പ് മാർ അപ്രേം ചില ആഴ്ചകൾക്ക് മുൻപ് നടത്തിയ ഒരു പ്രഭാഷണം വൻ കോളിളക്കം ഉണ്ടാക്കി. പ്രഭാഷണം വൈറലായതോടെ സഭാവിശ്വാസികൾ പ്രതിഷേധവുമായി തെരുവിലിറങ്ങി. സഭാ ആസ്ഥാനമായ ദേവലോകത്ത് പ്രതിഷേധിറാലി നടത്തി. തുടർന്ന് അടിയന്തിര സുന്നഹദോസ് കൂടി അദ്ദേഹത്തെ ഓർത്തഡോക്സ് സഭയുടെ എല്ലാ ചുമതലകളിൽ നിന്നും നീക്കുകയും ചെയ്തു.

വർഷങ്ങളായി ഓർത്തഡോക്സ്, യാക്കോബായ സഭാ തർക്കം തെരുവുയുദ്ധമായി മാറിയത് പരിഹാസ്യമാണ്, ക്രിസ്തിയ സാക്ഷ്യത്തിന് എതിരാണ്. സുപ്രീം കോടതി വിധി കൊണ്ടും പ്രശ്ന പരിഹാരം ഉണ്ടായിട്ടില്ല. പോർ വിളികളും പള്ളി കയ്യേറ്റങ്ങളും പല സ്ഥലത്തും സംഘർഷങ്ങൾ ഉണ്ടാക്കുന്നു. പോലീസ് സാന്നിധ്യത്തിൽ കുർബാന നടത്തുന്നു. കോടികൾ മുടക്കി വമ്പന്മാരായ വക്കീലന്മാരെക്കൊണ്ട് കേസുകൾ നടത്തുന്നു.



ഈ പശ്ചാത്തലത്തിലാണ് ബിഷപ്പിന് വീണ്ടുവിചാരം ഉണ്ടായത്. നൂറു വർഷം പഴക്കമുള്ള ഈ സഭയിലെ കേസുകൾ തീർക്കാൻ ജ്ഞാനികളായ ആരും സഭയിൽ ഇല്ലേയെന്ന് ബിഷപ്പ് ചോദിക്കുന്നു. ഈ ചോദ്യം ചോദിക്കാൻ എങ്കിലും ഒരു അഭിഷക്തൻ പെന്തക്കോസ്തിൽ ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു. 1934 ലെ ഭരണ ഘടന സംരക്ഷിക്കുന്നതല്ല, ക്രിസ്തീയ മൂല്യങ്ങൾ സംരക്ഷിക്കുന്നതും സാക്ഷ്യം നിലനിർത്തുന്നതുമാണ് നമ്മുടെ കടമയെന്ന് ബിഷപ്പ് ഓർമ്മിപ്പിക്കുന്നു. സാക്ഷ്യം നഷ്ടപ്പെട്ടെന്ന് അദ്ദേഹത്തിന് ഇപ്പോഴെങ്കിലും ബോധ്യമായത് സന്തോഷമുള്ള കാര്യമാണ്.

പെന്തക്കോസ്തുകാർക്ക് ഇന്നും ഈ ബോധ്യം ഇല്ലാതെ, സാക്ഷി പറഞ്ഞു നിർവൃതി അടയുന്നു. സത്യം വിളിച്ചു പറയുവാൻ ഒരു ഭോഷനാകുവാൻ അദ്ദേഹത്തിന് സന്തോഷമേയുള്ളു എന്ന പ്രസ്താവന സത്യാനന്തര കാലത്ത് സത്യം പറയുന്നവർ ദോഷമാരാകുന്നതാണല്ലോ 'ന്യൂ നോർമൽ'.

ഏതായാലും ബിഷപ്പിനെ ഔദ്യോഗിക ചുമതലയിൽ നിന്ന് നീക്കി. എതിരഭിപ്രായം പറയുന്നവരെ സമൂഹ മാധ്യമങ്ങളിലൂടെയും മറ്റും അപമാനിക്കുന്നതാണല്ലോ ഇപ്പോൾ പെന്തക്കോസ്ത് രീതിയും. ദൈവാധിപത്യത്തിൽ നിന്ന് ജനാധിപത്യത്തിലേക്കും അവിടെനിന്നും സ്വേഛാധിപത്യത്തിലേക്കും സഭാ ഭരണകർത്താക്കൾ പരിണാമം ചെയ്യുന്നു. വെട്ടി നിരത്തും വെട്ടിപ്പിടിക്കലും ആണോ സഭയുടെ ദൗത്യമെന്ന് നാം ചിന്തിക്കേണ്ടതുണ്ട്.

ഭരണഘടന സംരക്ഷിക്കലല്ല, ബൈബിൾ മൂല്യങ്ങൾ സംരക്ഷിക്കുകയാണ് നമ്മുടെ കടമ. ഭരണഘടന പറഞ്ഞ് സഹോദരന്മാരെ പകച്ച്, പുകച്ച് ചാടിക്കുന്നവർ ശിക്ഷ അനുഭവിക്കും. സഭയിൽ ഐക്യതയും സമാധാനവും ഉണ്ടാക്കേണ്ടവർ കേസു നടത്തി, ഭിന്നിപ്പുണ്ടാക്കിയിട്ട് കരമുയർത്തി മൂന്ന് ഹാലേല്ലുയ്യ പറഞ്ഞാൽ മതിയോ ? സഹോദരനെ മുറിവേൽപ്പിച്ചിട്ട് അപ്പം നുറുക്കുന്നത് എന്ത ടിസ്ഥാനത്തിലാണ്?

നീതി നിഷേധിക്കപ്പെട്ടുവെന്ന് തോന്നുന്നവർ കോടതിയെ അഭയം ചൊല്ലും. നീതി നടപ്പാക്കേണ്ടവർ തന്നെ അനീതി പ്രവർത്തിക്കുമ്പോൾ, കോടതിയിൽ ചെലവിടുന്നത് കോടികൾ! ഏതായാലും ഓർത്തഡോക്സ് വിശ്വാസികൾ ചിലർ ഒരു തീരുമാനം എടുത്തു. കോടതി കേസുകൾ തീർപ്പാക്കുന്നതുവരെ സഭക്ക് പണം നൽകില്ലെന്ന്. പെന്തക്കോസ്തുകാരും ഇങ്ങനെ തീരുമാനിച്ചാൽ നന്നായിരുന്നു. ബിഷപ്പിനെപ്പോലെ കുറെ ഭോഷന്മാർ പെന്തക്കോസ്തിൽ എഴുന്നേറ്റിരുന്നെങ്കിൽ!

ഛത്തീസ്ഗഢ് മിഷനറി
പാസ്റ്റർ ജോസ് തോമസിനു ക്രൂരമർദ്ദനം



റായ്പൂർ: ഛത്തീസ്ഗഢിലെ കവർദയിൽ മതപരിവർത്തനം ആരോപിച്ച് ബി.ജെ.പി-ബജ്രംഗ്ദൾ പ്രവർത്തകരുടെ ക്രൂര മർദ്ദനം. മെയ് 18ലെ ഞായറാഴ്ച നടന്ന പ്രാർഥനക്കിടെയാണ് മർദനമുണ്ടായതെന്ന് പാസ്റ്റർ ജോസ് തോമസ് പറഞ്ഞു. 20 ഓളം ആളുകളാണ് പള്ളിയിലെത്തി മർദനം നടത്തിയത്. ജയ് ശ്രീറാം വിളിച്ചാണ് അക്രമികൾ എത്തിയത്. പൊലീസെത്തി തങ്ങളെ സ്റ്റേഷനിലേക്ക് കൊണ്ടുപോയി. കുട്ടികൾ ഉൾപ്പടെയുള്ളവരെ വെള്ളം പോലും തരാതെ പൊലീസ് സ്റ്റേഷനിൽ ഇരുത്തിയെന്നും ഒടുവിൽ മതപരിവർത്തന കുറ്റം ആരോപിച്ച് തങ്ങൾക്കെതിരെ കേസെടുത്തുവെന്നും ബി.ജെ.പി പ്രവർത്തകർക്കെതിരെ നൽകിയ പരാതിയിൽ കേസെടുക്കാൻ പൊലീസ് തയാറായില്ലെന്നും അദ്ദേഹം ആരോപിച്ചു.

പാസ്റ്റർ ജോസ് തോമസിന്റെ നേതൃത്വത്തിൽ നടത്തുന്ന സ്കൂളിലെ വിദ്യാർഥികൾക്ക് ടി.സി നൽകിയതുമായി ബന്ധപ്പെട്ട പ്രശ്നമാണ് സംഘർഷത്തിൽ കലാശിച്ചതെന്ന് സൂചനയുണ്ട്. ഇവിടെ മാസങ്ങളായി ഫീസ് കൊടുക്കാതെ പഠിക്കുകയായിരുന്ന രണ്ട് കുട്ടികൾക്ക് ടി.സി നൽകണമെന്ന് ബി.ജെ.പി പ്രവർത്തകർ ആവശ്യപ്പെട്ടു. ഇതിന് തയാറാകാതിരുന്നതോടെയാണ് മർദനം ഉണ്ടായതെന്നാണ് റിപ്പോർട്ട്.

സുരക്ഷാഭീഷണിയുള്ളതിനാൽ പ്രദേശത്ത് നിന്ന് ഇപ്പോൾ മാറിതാമസിക്കുകയാണെന്നും കുടുംബത്തിന് ഉൾപ്പടെ ഭീഷണിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. സുവിശേഷ വിരോധികളുടെ ഭീഷണി നേരിടുന്ന ഛത്തീസ്ഗഡിനായി പ്രത്യേകം പ്രാർഥിക്കുക.

ജോൺ ബ്രിട്ടാസ് എം.പി
ഖേദ പ്രകടനം നടത്തി



ന്യൂഡൽഹി: ഒരു ഹിന്ദി സാമൂഹ്യമാധ്യമത്തിന് നൽകിയ അഭിമുഖത്തിലെ ചില പരാമർശങ്ങൾ പെന്തകോസ്ത് സമൂഹത്തെ വേദനിപ്പിച്ചതായി മനസ്സിലാക്കുന്നു. വിദേശപ്രതിനിധി സംഘത്തിന്റെ ഭാഗമായി രണ്ടാഴ്ച രാജ്യത്തിന് പുറത്തിയിരുന്നതു കൊണ്ട് വിശദാംശങ്ങൾ ഇപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്. മാത്രമല്ല പെന്തകോസ്ത് വിഭാഗത്തിലെ ചിലരുടെ സന്ദേശങ്ങളും വായിക്കാനിടയായതിന്റെ പശ്ചാത്തലതിലാണ് ഈ കുറിപ്പ്.

അടുത്തയിടെയാണ് അഭിമുഖം വന്നതെങ്കിലും മാസങ്ങൾക്കു മുൻപ് റെക്കോർഡ് ചെയ്തതാണെന്ന് അത് സൂക്ഷമ

(ശേഷം പേജ് 6)

ഐപിസി കേരള സ്റ്റേറ്റിനെ അപകീർത്തിപ്പെടുത്തുന്നതായി ഭാരവാഹികൾ

തിരിവല്ല: അടുത്തകാലത്തായി സമൂഹമാധ്യമങ്ങളിലൂടെയും മറ്റും സ്റ്റേറ്റ് കൗൺസിലിനും ഭാരവാഹികൾക്കും ഓഫീസിനുമെതിരെ വ്യാജ പ്രചരണങ്ങൾ നടക്കുകയാണ്. ഐപിസി കേരളാസ്റ്റേറ്റിലെ ബഹുമാന്യരായ ദൈവദാസന്മാരും വിശ്വാസ സമൂഹവും ഈ വ്യാജ പ്രചരണങ്ങൾ വിശ്വസിക്കരുതെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

കേരളാസ്റ്റേറ്റിന്റെ നേതൃത്വത്തിൽ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. കേരളാസ്റ്റേറ്റ് ഓഫീസിൽ ഇതുവരെ എത്തിയിട്ടുള്ള അഭ്യർഥനകൾക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സഹായം വിതരണം ചെയ്തിട്ടുണ്ട്. മാത്രമല്ല, വൺ റുപ്പി ചലഞ്ച് പദ്ധതിയിലൂടെ സോഷ്യൽ വെൽഫെയർ ബോർഡിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തി.

ഐപിസി കേരള സ്റ്റേറ്റിന്റെ സ്വപ്ന പദ്ധതിയാണ് പത്തനാപുരത്തെ ഹൗസിംഗ് പ്രോജക്ട്. ദീർഘകാല ശുശ്രൂഷയ്ക്ക്ശേഷം വിരമിക്കുന്ന കർത്തൃദാസന്മാർക്ക് തലചായ്ക്കാൻ ഒരു ഇടമോ ഒരു തുണ്ട് ഭൂമിയോ ഇല്ലാതെ വിഷമിക്കുന്ന ഘട്ടത്തിൽ അത്തരത്തിലുള്ളവർക്ക് ഒരു തണലായി മാറാൻ വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 12 ഭവനങ്ങളാണ് പദ്ധതി പൂർത്തിയാകുമ്പോൾ ഉണ്ടാവുക. ഇതിനുവേണ്ടി ഐപിസി കേരളാസ്റ്റേറ്റ് ട്രഷറർ ബ്രദർ പി.എം. ഫിലിപ്പ് തന്റെ സ്വത്തിൽ നിന്നും 20 സെന്റ് സ്ഥലം ഐപിസി കേരളാസ്റ്റേറ്റിന് ദാനമായി നൽകിയിട്ടുണ്ട്. ഈ പുരയിടത്തിന്റെ രജിസ്ട്രേഷൻ, പോക്കുവരവ് തുടങ്ങിവ ഐപിസി കേരളാസ്റ്റേറ്റിന്റെ പേരിൽ പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് വളരെ സുതാര്യമായ രീതിയിൽ കൗൺസിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു സമിതിയുടെ നേതൃത്വത്തിൽ ടെൻഡർ ക്ഷണിക്കുകയും കൗൺസിലിന്റെ ഏകകണ്ഠമായ തീരുമാനപ്രകാരം ടെൻഡർ ഉറപ്പിച്ച് കരാർ വെച്ച് പണികൾ ആരംഭിക്കുകയും ചെയ്തു.

ഈ ഭരണസമിതിയുടെ കാലാവധി തീരുന്നതിന് മുമ്പ് നിർമ്മാണം പൂർത്തീകരിച്ച് ദൈവദാസന്മാർക്ക് ഭവനങ്ങൾ നൽകണമെന്നാണ് ആഗ്രഹം. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് ജനറൽ ഭാരവാഹികൾ നൽകിയ കത്ത് പ്രകാരം കേരളാസ്റ്റേറ്റിന്റെ ബാങ്ക് അക്കൗണ്ടുകൾ ഫ്രീസ് ചെയ്തതിനാൽ പണി മുന്നോട്ട് പോകാൻ കഴിയാത്ത രീതിയിൽ പ്രതിസന്ധിയിൽ ആയിരിക്കുന്നു.

ഐപിസി കേരളാസ്റ്റേറ്റ് വെബ്പോർട്ടൽ രൂപീകരിച്ച കാലത്ത് അതിന്റെ ചുമതലയ്ക്കായി ബ്രദർ മാത്യു വർഗീസിനെ ഓഫീസ് മാനേജരായി അന്നത്തെ കൗൺസിൽ നിയമിച്ചിരുന്നു. എന്നാൽ സമീപകാലത്ത് അദ്ദേഹത്തിന്റെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളാലും എക്സിക്യൂട്ടീവിന്റെയും കൗൺസിലിന്റെയും തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചതിനാലും 2025 മെയ് 6 ന് ചേർന്ന കേരളാസ്റ്റേറ്റ് കൗൺസിൽ ഏകകണ്ഠമായി കേരളാസ്റ്റേറ്റ് ഓഫീസിലെ മാനേജർ തസ്തിക നിർത്തൽ ചെയ്യാനും മാത്യൂസ് വർഗീസിനെ തൽസ്ഥാനത്തു നിന്ന് നീക്കാനും തീരുമാനിക്കുകയും ചെയ്തു. എന്നാൽ 40 ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ച് രൂപകൽപ്പന ചെയ്ത വെബ് പോർട്ടലിന്റെ പാസ്വേഡോ മറ്റ് ലോഗിൻ വിവരങ്ങളോ തന്റെ കൈവശമുള്ള രേഖകളോ ലാപ്ടോപ് ഉൾപ്പെടെയുള്ള വസ്തുക്കളോ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ഭരണസമിതി ചുമതലയേറ്റ നാൾമുതൽ പാസ്വേഡുകൾ എക്സിക്യൂട്ടീവിന് കൈമാറണമെന്ന് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അദ്ദേഹം അത് സ്വന്തം ആക്കി സൂക്ഷിക്കുകയാണ് ചെയ്തത്.

സത്യാവസ്ഥകൾ ഇതായിരിക്കെ സോഷ്യൽ മീഡിയയിലൂടെ വ്യാജ ആരോപണങ്ങൾ ഉയർത്തി കേരളാസ്റ്റേറ്റിന്റെ പ്രവർത്തനങ്ങളെ അപകീർത്തിപ്പെടുത്തുന്നതിൽ നിന്നും ബന്ധപ്പെട്ടവർ പിന്മാറണമെന്ന് ഭാരവാഹികൾ പറഞ്ഞു.

swargeeyadwani.com
sdwanipathram@gmail.com
+91 9447593865

സുവിശേഷത്തിന്റെ സമാന്തര രേഖകൾ

▪ അദ്ധ്യായം 18 ▪

പി ജി യുടെ നൃത്തചുവടുകൾ ആത്മീയ വൈകൃതമോ അനുകരണീയമോ..?

മുൻ സൈനികനായ പി ജി ആത്മീയ ലോകത്തെ ഒരു ഒറ്റയാൾ പട്ടാള മാണ്. അതുകൊണ്ട് ആത്മീയ ലോകത്തെ കാരണവർക്ക് അടുപ്പി ലും കാര്യം സാധിക്കാമെന്നൊന്നും പ്രമാണമില്ല. തന്റെ ഭാര്യ പരിസര ത്തെങ്ങാനുമുണ്ടോ എന്നും പരിഭ്രാന്തിയോടെ പി ജി ആരായുന്നുണ്ട്. അപ്പോൾ ഒരു ചോദ്യം. കർത്താവിനെയാണോ കളത്രത്തെയാണോ കൂടുതൽ ഭയം..?



സജി പീച്ചി

സോഷ്യൽ മീഡിയയിൽ പി ജി യുടെ നൃത്തം കളം നിറഞ്ഞാടുകയാണ്. സ്ക്രോൾ ചെയ്യുന്തോറും പി ജി യുടെ നൃത്ത മാണ് പലരും പങ്കുവച്ചിരിക്കുന്നത്. ഉദയംപേരൂരിലെ ജീസസ് ജനറേഷൻ ഓഡിറ്റോറിയത്തിൽ യുവാക്കൾക്കാ യി സംഘടിപ്പിച്ച ഒരു മിഷൻ ചാല ഞ്ച് ആണ് വേദി. ആത്മീയ രംഗത്തെ പ്രശസ്തരായ പല പ്രഭാഷകരും ഗായകരുമടങ്ങുന്ന ഒരു സമ്മേളനം. അവിടെ പി ജി യും ആഗതനായിട്ടു ണ്ട്. പ്രധാന സംഘാടകരിൽ ഒരാളോട് 84 വയസ്സുള്ള പി ജി ചോദിക്കുന്നു.. ഞാൻ ഡാൻസ് ചെയ്താൽ നിങ്ങൾ എന്നെ മുടക്കുമോ..?

പ്രായത്തെ മാനിച്ചും കഴിഞ്ഞ നാളുകളിലെ പിജി യുടെ സുവിശേഷ രംഗത്തെ സംഭാവനകൾ പരിഗണി ച്ചും കേട്ട വ്യക്തി അതിനു സമ്മതിച്ചു. മഹാകവി കെ.വി. സൈമൺ സാറി ന്റെ പ്രശസ്തമായ കാവ്യമാണ് പി ജി നൃത്തത്തിനായി തെരെഞ്ഞെടു ത്തത്. തന്റെ നൃത്തം ഫലിക്കുന്നില്ല എന്ന് തോന്നിയിട്ടാണോ യോഗത്തി ന്റെ മുഖ്യ ഗായകനെ കൂടെ നൃത്തം ചവിട്ടാൻ പി ജി വലിച്ചിഴയ്ക്കുന്നുണ്ട്. മനസ്സില്ലാ മനസ്സോടെ ഗായകൻ അതി നു വശം വദനാകുന്നു. പി ജി നൃത്തം ചെയ്യുന്നത് ഇതാദ്യമല്ല.

ആനന്ദത്തോടെ ആടും
എൻ കാൽകൾ
ആനന്ദത്തോടെ ആടും

എന്ന ന്യൂ ജൻ ഗാനവും പി ജി ആടി തിമിർക്കുന്നുണ്ട്. ദാവീദ് രാജാ വിന്റെ നൃത്തത്തിന്റെ പകർപ്പാവകാശ മാണ് താൻ ഏറ്റെടുക്കുന്നതെന്നാണ് തന്റെ അവകാശ വാദം. അതെന്തു മാകട്ടെ. നൃത്തം പാപമല്ല. പക്ഷെ നൃത്തമെന്ന് പറഞ്ഞ് കാട്ടി ക്കൂട്ടുന്ന കോപ്രായങ്ങളോടും വൈകൃതങ്ങളോ ടുമാണ് പലർക്കും എതിർപ്പുള്ളത്. മൈക്രോഫോൺ പോക്കറ്റിലിട്ടും കാ ലിനിടയിൽ തിരുകിയും കാണിക്കുന്ന വൈകൃതങ്ങൾ ഏറെ അസ്സഹനീയ വും അപലപനീയവുമാണ്. മുൻകൂർ ജാമ്യം എടുത്താണ് പി ജി വേദിയിൽ കയറിയത്..!

വേടൻ പാടുമ്പോൾ അനേകർ നൃത്തം വയ്ക്കുന്നു. അങ്ങനെയെ ങ്കിൽ നാം എത്ര കുതിച്ചുചാടി നൃത്തം ചെയ്യണം...? വേടന്റെ പരിപാടിയിൽ പങ്കെടുക്കുന്നവരുടെ ആവേശമുൾ ക്കൊണ്ടുകൊണ്ട് അതിനേക്കാൾ ആവേശം ദൈവമക്കളായ നമുക്കും ഉണ്ടാകേണ്ടതല്ലേ എന്ന് ചോദിച്ച് പിജി നൃത്തം ചെയ്യാൻ സദസ്സിനെ ആഹ്വാ നം ചെയ്യുന്നു.

എന്തായാലും നൃത്തം തീർത്തും അരോചകമായെന്ന് പറയാതെ വയ്യ. പി ജി യുടെ കൃപ നഷ്ടപ്പെട്ടെന്നും, ഭൂതം ബാധിച്ചെന്നും, 84 ന്റെ ചടുലത യാണെന്നും തലയ്ക്ക് ഓളമാണെന്നും തുടങ്ങി സഭ്യവും അസഭ്യവുമായ ഭാഷയിൽ ഒത്തിരി കമെന്റുകളാണ് സാമൂഹ്യ മാധ്യമങ്ങളിൽ പലരും പങ്കു വച്ചത്. പി ജി ഇതിനു മുൻപും ഇത്ത രത്തിൽ ഒരുപാട് കലാപരിപാടികൾ നടത്തിയിട്ടുണ്ട്.

അദ്ദേഹത്തെ നിയന്ത്രിക്കാനോ പിന്തിരിപ്പിക്കാനോ ആർക്കുമാവില്ല. പി ജി ഒരു നിസ്സാരക്കാരനല്ല. ഒരു ഒറ്റ യാൾ പട്ടാളമാണ്. ഉത്തരേന്ത്യയിൽ തന്റെ സാന്നിധ്യം സുവിശേഷത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടു ണ്ട്. ദൃശ്യ ശ്രവ്യ ലിഖിത മാധ്യമങ്ങ ളിൽ വ്യക്തി മുദ്ര പതിപ്പിച്ച അതികാ യനാണ് പി ജി. മുൻ സൈനികനായ പി ജി ആത്മീയ ലോകത്തെ ഒരു ഒറ്റയാൾ പട്ടാളമാണ്. അതുകൊണ്ട് ആത്മീയ ലോകത്തെ കാരണവർക്ക് അടുപ്പിലും കാര്യം സാധിക്കാമെന്നൊ ന്നും പ്രമാണമില്ല.

ഇതിനിടയിൽ തന്റെ ഭാര്യ പരിസ രത്തെങ്ങാനുമുണ്ടോ എന്നും പരിഭ്രാ ന്തിയോടെ പി ജി ആരായുന്നുണ്ട്. അപ്പോൾ ഒരു ചോദ്യം. കർത്താവിനെ യാണോ കളത്രത്തെയാണോ കൂടു തൽ ഭയം..?

മോട്ടിവേഷനും പ്രതിഭകളെ ആദരിക്കലും നടത്തി





കൽപ്പറ്റ: ശാരോൻ ഫെലോഷിപ്പ് ചർച്ച് വയനാട് സെക്ഷന്റെ അഭി മുഖ്യത്തിൽ ശാരോൻ ഓഡിറ്റോ റിയത്തിൽ വിദ്യാർഥികൾക്കായ് മോട്ടിവേഷൻ ക്ലാസും, പ്ലസ്ടു വി ജയികളെ ആദരിക്കലും പഠനോപ കരണ വിതരണവും നടത്തി.

പാസ്റ്റർ തിമോത്തി ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ശാരോൻ ഫെലോഷിപ്പ് ചർച്ച് മല ബാർ റീജിയൻ അസോസിയേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.ജെ. ജോബ് ഉദ്ഘാടനം ചെയ്തു. ഡോ. അലീന തങ്കച്ചൻ ക്ലാസെടുത്തു. പാസ്റ്റർമാരായ അഖിൽ കെ., റിവിൻ റോയി വർ ഗ്ഗീസ്, സി.കെ.ബാബുരാജ് എന്നിവർ സംബന്ധിച്ചു. പാസ്റ്റർ സാം ദാനിയേൽ ഗാനങ്ങൾ ആലപിച്ചു. സോജൻ സ്വാഗതമാശംസിച്ചു. സെക്ഷൻ പാസ്റ്റർ ബിജു പോൾ, മെബിൻ പോൾ, വിനോദ് തുടങ്ങിയവർ ആദിയോടന്തം നേതൃത്വം നൽകി.

ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറും അവാർഡ് വിതരണവും



കോട്ടയം: ഐ പിസി കോട്ടയം മേഖലാ സൺ ഡേസ് കൂൾസ് അസോസിയേഷ നും ക്രിസ്ത്യൻ ഓ റിയന്റേഷൻ സെന്റ റും സംയുക്തമായി വടവാതൂർ ഐപി സി ഏബനേസർ സഭയിൽ ബോധ വൽക്കരണ ക്ലാസ്സും അവാർഡ് വിതരണ വും നടത്തി.

കോട്ടയം ഐപിസി മേഖലാ പ്രസി ഡണ്ട് പാസ്റ്റർ പി.എ. മാത്യു ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഡോ. ജോർജ് മാത്യു, സിനോജ് കായംകുളം എന്നിവർ ക്ലാസുകൾ എടുത്തു. 25 വർഷങ്ങലധികം ഐപിസി സൺഡേസ്കൂൾസ് അസ്സോസിയേഷൻ സെക്രട്ടറി ആയിരുന്ന പാസ്റ്റർ ഇ.എ മോ സ്സസിനെ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ ആദരിച്ചു.

സ്റ്റേറ്റ് സൺഡേസ്കൂൾ സെക്രട്ടറി പാ സ്റ്റർ തോമസ് മാത്യു ചാരുവേലി, ഡെപ്യൂട്ടി ഡയറക്ടർ ബെന്നി പുള്ളോലിക്കൽ തുടങ്ങി യവർ ആശംസ സന്ദേശം നൽകി. കോട്ട യം മേഖലാ സൺഡേസ്കൂൾ പ്രസിഡണ്ട് ജോൺ മാത്യു അധ്യക്ഷത വഹിച്ചു. മേഖ ലാ സെക്രട്ടറി ഷാജി തോമസ് സ്വാഗതം അറിയിച്ചു. സൺഡേസ്കൂൾ മേഖല ട്രഷറർ ഫൈയ്ത്ത്മോൻ സ്വാഗതവും പ്രോഗ്രാം കോർഡിനേറ്റർ തോമസ് ഫിന്നി കൃതജ്ഞ തയും പറഞ്ഞു.

www.sdpathram.com
സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Chairman	:	James T. Samuel
Managing Editor	:	Joy Thumpamon
Chief Editor	:	Finny P. Mathew
Editorial Director	:	Oommen Ebenezer
General Editor	:	Pr. Sam T. Mukhathala
Circulation Manager	:	K. C. Jacob
Overseas Editors	:	Sunny Thazhampallom
		Sheenamol Joseph
General Coordinator	:	Pr. Binu Cheriyan
Coordinators	:	George Samuel
	:	Jose K. Varghese
	:	Anu Samuel
	:	Pr. Sajan Easo Plachery

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം



പഠന പരമ്പര 8

പലസ്തീൻ ആരുടേത്? ഭാവി എന്ത്?



ഫിലിപ്പോസ് കുളക്കട
9605498870

കുടുംബ ജീവിതവും സന്തതി വർദ്ധനവും

നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി വാഴുവീൻ എന്ന് ദൈവം ആദി മാതാപിതാക്കളോട് കൽപിച്ചു (ഉൽപ. 1:28). പ്രളയാനന്തര ഭൂമിയിൽ ഇറങ്ങിയ നോഹയുടെ കുടുംബത്തോടും അതുപോലെ കൽപിച്ചു (ഉൽപ. 9:1). നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽക്കരയിലെ മണൽ പോലെയും അത്യന്തം വർദ്ധിപ്പിക്കുമെന്ന് യഹോവ അബ്രഹാമിനോടു അരുളി ചെയ്തു (ഉൽപ. 22:17). നക്ഷത്രങ്ങളെപ്പോലെ എന്നത് ആത്മീക സന്തതികളേയും മണൽപോലെ എന്നത് ജഡീക സന്തതികളേയും കുറിക്കുന്നു എന്നൊരു ഭാഷ്യമുണ്ട്, അത് ദുർഭാഷ്യമാണ്. യിസ്രായേൽ യഹോവയുടെ കൽപനകൾ കേട്ടനുസരിച്ചിരുന്നു എങ്കിൽ അവരുടെ സന്തതി മണൽ പോലെയും ഗർഭ ഫലം മണൽ തരി പോലെയും ആകുമായിരുന്നു (യെശ. 48:18–19). അവിടെ നക്ഷത്രങ്ങളെ പോലെ എന്ന ഉപമാനം ഇല്ല. അതിനർത്ഥം ദൈവ കൽപനകൾ കേട്ടനുസരിക്കുന്നവരുടെ സന്തതികളെല്ലാം ജഡീകരാകും എന്നല്ലല്ലോ. സന്തതികളുടെ എണ്ണമറ്റ വർദ്ധനവിനെ കുറിക്കുന്നതാണ് ആ പ്രയോഗം. ഇന്നത്തെ ലോക ജനസംഖ്യയിൽ ഒരു ശതമാനം പോലും പുതിയ ഭൂമിയിൽ എത്താൻ സാധ്യതയില്ല. അവർക്ക് സന്തതി വർദ്ധന ഉണ്ടാകയില്ലെങ്കിൽ പുതിയ ഭൂമിയിൽ ഒരു കാലത്തും ജനം നിറയുകയില്ല. അങ്ങനെയായാൽ അത് ദൈവ മഹത്വമാകയില്ല.

രാത്രി ഉണ്ടാകുമോ? രാത്രി അവിടെ ഇല്ലല്ലോ (വെളി. 21:26), അത് പുതിയ യെരുശലേമിനെ സംബന്ധിച്ചാണ്. ഇനി രാത്രി ഉണ്ടാകുകയില്ല (22:5), അത് പുതിയ ഭൂമിയെ സംബന്ധിക്കുന്നതാണ്. എന്നാൽ ഭൂമിയുള്ള കാലത്തോളം രാവും പകലും നിന്നു പോകയില്ല എന്ന് (ഉൽപ. 8:22) ൽ കാണുന്നു. അതുപോലെ നോഹയോട് അരുളി ചെയ്തതാണ്. മാത്രമല്ല, 12 മാസം എന്ന കാക്കണക്കാണ് വെളി 22:2 ൽ കാണുന്നത്. അത് ഒരാണ്ടിനെ സൂചിപ്പിക്കുന്നതാണല്ലോ. രാപകൽ വ്യത്യാസമില്ലെങ്കിൽ എങ്ങനെ കാലം കണക്കാക്കും? അത് വൈരുദ്ധ്യ പ്രയോഗങ്ങളല്ലെ? അല്ലെന്ന് എങ്ങനെ തെളിയിക്കാം.

രാത്രി എന്നതിന്റെ പര്യായങ്ങളാണ് ഇരുട്ട്, അന്ധകാരം എന്നിവ. അതിന്റെ ഗോപുരങ്ങൾ പകൽ കാലത്ത് അടയ്ക്കുകയില്ല; രാത്രി അവിടെ ഇല്ലല്ലോ (വെളി. 21:26). അവിടെ പകലുണ്ട് എന്നത് അവിടെ തന്നെ വ്യക്തമാണ്. ഇല്ലെങ്കിൽ അതിന്റെ ഗോപുരങ്ങൾ അടയ്ക്കുകയില്ല എന്നു മതിയല്ലോ. പകൽ ഇല്ലെങ്കിൽ പകൽ കാലത്ത് അടയ്ക്കുകയില്ല എന്ന പ്രയോഗം അർത്ഥ രഹിതമാണ്. അവിടുത്തെ രാത്രി എന്ന പദം ഇരുട്ട് എന്ന അർത്ഥത്തിൽ എടുത്താൽ ആശയക്കുഴപ്പമുണ്ടാകയില്ല. അതേപറ്റിയുള്ള പ്രവചനം യെശ. 30:26 ൽ കാണുന്നു. യഹോവ തന്റെ ജനത്തിന്റെ മുറിവ് കെട്ടുകയും അവരുടെ അടിപ്പിണർ പൊറുപ്പിക്കുകയും ചെയ്യുന്ന നാളിൽ ചന്ദ്രന്റെ പ്രകാശം സൂര്യന്റെ പ്രകാശം പോലെയാകും. സൂര്യന്റെ പ്രകാശം ഏഴ് പകലിന്റെ പ്രകാശം പോലെ ഏഴിരട്ടിയായിരിക്കും. അതോട് ചേർത്ത് പുതിയ യെരുശലേമിന്റെ വെളിച്ചത്തിൽ ജാതികൾ നടക്കും എന്ന പ്രയോഗവും മനസിലാക്കിയാൽ ആശയക്കുഴമുണ്ടാകയില്ല.

കൃഷി ഉണ്ടായിരിക്കും: ആദാം പാപം ചെയ്യുന്നതിന് മുമ്പുണ്ടായിരുന്ന ശരീര പ്രകൃതിയിലുള്ളവരായിരിക്കും പുതിയ ഭൂമിയിലെ നിവാസികളെന്ന് അസന്നിഗ്ധമായി മുകളിൽ തെളിയിച്ചതാണ്. അവർക്ക് ഇഷ്ടംപോലെ തിന്നുവാൻ സ്വാദിഷ്ടമായ ഫലങ്ങൾ തോട്ടത്തിൽ ഉണ്ടായിരുന്നു. പുതിയ ഭൂമിയിലെ വാസികൾക്കും ആഹാരം ആവശ്യമാണ്. അതിനായി അവർ കൃഷി ചെയ്യും. ഭൂമിയിലുള്ള കാലത്തോളം വിതയും കൊയ്ത്തും നിന്നു പോകയില്ല. മനുഷ്യൻ വേല ചെയ്യണമെന്നത് മനുഷ്യനെക്കുറിച്ചുള്ള ദൈവഹിതമാണ്. ആദമിന് ഏദൻ തോട്ടത്തിൽ വേല ചെയ്യണമായിരുന്നു. സുവിശേഷ വേലക്കാർ മറ്റ് ജോലികൾ ചെയ്യരുതെന്ന് ചിലർ പഠിപ്പിച്ചത് ദൈവവചനാധിഷ്ഠിതമല്ല.

ദൈവദർശനം: ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരോടു കൂടെ വസിക്കും (വെളി. 21:3). അവിടെ കൂടാരം എന്നതിന് dwelling എന്നാണ് N.I.V യിൽ. ഒശാനയിൽ നിവാസം എന്നുമാണ്. അവർ അവന്റെ മുഖം കാണും (വെളി. 22:4). ദൈവമുഖം കാണും എന്നത് ഒരു സമസ്യയാണ്. ദൈവം അദൃശ്യനാണ് (1തിമൊ. 1:17). മനുഷ്യർ ആരും കണ്ടിട്ടില്ലാത്തവനും മനുഷ്യർക്ക് കാണാൻ കഴിയാത്തവനുമാണ് ദൈവം (1തിമൊ. 6:16).

ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല (യോഹ. 1:18). ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളു (യോഹ. 6:46). അതിനർത്ഥം ദൈവദൂതന്മാരും ദൈവത്തെ കണ്ടിട്ടില്ല എന്നാണ്. മോശെ ഒരിക്കൽ നിന്റെ തേജസ് എനിക്ക് കാണിച്ചു തരണമേ എന്ന് ദൈവത്തോട് അപേക്ഷിച്ചു. അതിന് ലഭിച്ച മറുപടി നിനക്ക് എന്റെ മുഖം കാൺമാൻ കഴിയുകയില്ല; ഒരു മനുഷ്യനും എന്നെ കണ്ട് ജീവനോട് ഇരിക്കുകയില്ല എന്നാണ് (പുറ. 35:18).

എന്നാൽ അതിന് വിരുദ്ധമെന്ന് തോന്നാവുന്ന ഭാഗങ്ങളും ബൈബിളിലുണ്ട്. ആദി മാതാപിതാക്കളും ദൈവവും ഏദൻ തോട്ടത്തിൽ സമ്മേളിച്ചിരുന്നു. ഹാനോക്ക്, നോഹ എന്നിവർ ദൈവത്തോടുകൂടെ നടന്നു. അബ്രഹാമിന്റെ കൂടാരത്തിൽ നിന്നും ഭക്ഷിച്ചശേഷം ദൈവം അബ്രഹാമുമായി സംഭാക്ഷിച്ചു. മോശയും അഹരോനും നാദാബും അബീഹ്യൂമും യിസ്രായേൽ മൂപ്പന്മാരിൽ 70 പേരും ദൈവത്തെ കണ്ടു (പുറ. 24:9–11). ദൈവവും മോശയുമായി അഭിമുഖമായി സംസാരിച്ചു എന്നു മാത്രമല്ല അവൻ എന്റെ മുഖം കാണുകയും ചെയ്യും എന്ന് ദൈവം അരുളി ചെയ്തു (സംഖ്യ. 12:28).

പ്രസ്തുത ഭാഗങ്ങൾ വൈരുദ്ധ്യങ്ങളാണെങ്കിൽ വേദപുസ്തകം മിഥ്യയാണെന്നു വരും. അങ്ങനെയല്ലെങ്കിൽ അത് വൈരുദ്ധ്യങ്ങല്ല എന്നു തെളിയിക്കണം. അതെങ്ങനെ തെളിയിക്കാം? അത് ഗ്രഹിക്കാൻ ശ്രമിക്കുമ്പോൾ നാം ആദ്യം അറിഞ്ഞിരിക്കേണ്ട ഒരു വസ്തുതയുണ്ട്. ദൈവത്തെ കുറിച്ചു മാത്രമല്ലാ തന്നെ തന്നെയും താൻ വസിക്കുന്ന ഭൂമിയെക്കുറിച്ചും ഗ്രഹിക്കാൻ മനുഷ്യന് കഴിവില്ല. സൂര്യന്റെ കീഴിൽ നടക്കുന്ന പ്രവർത്തി ആരാഞ്ഞറിയുവാൻ മനുഷ്യന് കഴിവില്ല – മനുഷ്യൻ എത്ര പ്രയാസപ്പെട്ട് അന്വേഷിച്ചാലും അത് ഗ്രഹിക്കുകയില്ല. ഒരു ജ്ഞാനി തന്നെയും അത് ഗ്രഹിക്കാൻ നിരുപിച്ചാൽ അവന് സാധിക്കുകയില്ല (സഭാപ്ര. 8:17). അത് ബൈബിൾ മാത്രം പറയുന്നതല്ല. കവി പറയുന്നു:

അനന്തം അജ്ഞാനം അവർണനീയം
ഈ ലോക ഗോളം തിരിയുന്ന മാർഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്ന്
തെരയുന്ന മർത്യൻ കഥയെന്തു കണ്ടു?
(നാലപ്പാട്ട് നാരായണ മേനോൻ)

നിന്റെ തേജസ് എനിക്ക് കാണിച്ചു തരണമേ എന്നപേക്ഷിച്ച മോശ അതിന് മുമ്പ് നിരവധി തവണ ദൈവത്തെ കണ്ടയാളാണ്. അതിന് തൊട്ടു മുമ്പ് 40 ദിവസം തിന്നുകയോ കുടിക്കുകയോ ചെയ്യാതെ സീനായി മലയിൽ ദൈവത്തോടൊന്നിച്ച് വസിച്ചയാളാണ്. ആ കാഴ്ചയൊന്നും ദൈവത്തിന്റെ പൂർണ്ണ തേജസിലായിരുന്നില്ല എന്ന് ബോധ്യമാണ്. ദൈവത്തിന്റെ തേജസ് കാണാൻ താൻ ആഗ്രഹിച്ചതിന്റെ കാരണം എന്നതിൽ സംശയത്തിന് ന്യായമില്ല. ഉദയസൂര്യനും അസ്തമന സൂര്യനും നയനാനന്ദമായ കാഴ്ചയാണ്. എന്നാൽ മധ്യാഹ്ന സൂര്യന് നേരെ നോക്കുവാൻ കഴികയില്ല. കാഴ്ചയുള്ളവരിൽ സൂര്യനെ കണ്ടിട്ടില്ലാത്തവരോ യഥാർത്ഥത്തിൽ സൂര്യനെ കണ്ടിട്ടുള്ളവരോ ഉണ്ടായിരിക്കുകയില്ല. ദൈവത്തെ കണ്ടു എന്നും കണ്ടില്ല എന്നും പറയുന്നതിലെ ആശയം ഗ്രഹിക്കാൻ മുകളിൽ കുറിച്ച ഉദാഹരണം മതിയാകും എന്ന് ചിന്തിക്കുന്നു. പൂർവ പിതാക്കന്മാർ ദൈവത്തെ കാണുകയും ദൈവവുമായി സംസാരിക്കുകയും ചെയ്തിരുന്നതു പോലെ പുതിയ ഭൂമിയിൽ സകലർക്കും ദൈവവുമായി മുഖാമുഖം കാണാം എന്നുള്ളതാണ് നമ്മുടെ വിഷയം. അതാണ് യിസ്രായേലിന്റെ ആത്യന്തിക വാഗ്ദത്ത രാജ്യം.

അവിടെ മന്ദിരം (ആലയം) ഉണ്ടായിരിക്കുകയില്ല. മന്ദിരം അതിൽ കണ്ടില്ല (വെളി. 21:22). അവന്റെ ദാസന്മാർ അവനെ ആരാധിക്കും (വെളി. 22:3). വളരെയേറെ തെറ്റിദ്ധരിക്കപ്പെടുകയും ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു വിഷയമാണ് ആരാധന. അതേപറ്റി വിവരിക്കണമെങ്കിൽ പേജുകൾ അധികം വേണ്ടി വരും, അതിന് ശ്രമിക്കുന്നില്ല. ചുരിക്കി പറയട്ടെ; ആരാധന ഒരു സാമൂഹ്യ അനുഷ്ടാനമല്ല. അത് സാമൂഹ്യവൽക്കരിക്കപ്പെട്ടിരിക്കുന്നതിനാൽ യഥാർത്ഥ ആരാധന ക്രിസ്തീയ സഭകളിലൊന്നും നടപ്പില്ല എന്നതാണ് വസ്തുത. ആരാധനയുടെ അന്തസത്ത വാചീയമല്ല. മറിച്ച് സമർപ്പണമാണ് (റോമ. 12:1). നിങ്ങൾ ദാസന്മാരായി അനുസരിക്കാൻ നിങ്ങളെ തന്നെ സമർപ്പിക്കുകയും നിങ്ങൾ അനുസരിച്ച് പോരുകയും ചെയ്യുന്നവന് ദാസരാകുന്നു എന്ന് അറിയുന്നില്ലയോ? (റോമ. 6:16). അവരോടാണ് തങ്ങളുടെ ശരീരങ്ങളെ വീണ്ടും യാഗമായി സമർപ്പിക്കാൻ പറയുന്നത് (റോമ. 12:1). അതിനർത്ഥം ഒരിക്കൽ സമർപ്പിച്ചാലും അത് അനുഭവമാകാതിരിക്കാൻ സാധ്യതയുണ്ട് എന്നാണ്. യഥാർത്ഥ സമർപ്പണത്തേപ്പറ്റി ഒരു ഉദാഹരണം കുറിക്കുന്നു. അതിലെ കഥാപാത്രങ്ങളുടെയും എഴുത്തുകാരന്റെയും പേരുകൾ ഓർമ്മയിലില്ല. അതിലെ എഴുത്തുകാരന്റെ അച്ഛൻ ഒരു വഴി യാത്രയിൽ ഒരു യജമാനൻ അയാളുടെ അടിയാനെ ക്രൂരമായി മർദ്ദിക്കുന്നതു കണ്ടു മർദ്ദകനെ ശാസിച്ചു. പ്രതികരിച്ചത് മർദ്ദകനല്ല മർദ്ദിതനാണ്. എന്റെ തമ്പുരാൻ എന്നെ തല്ലുന്നതിൽ നിങ്ങൾക്കെന്തു കാര്യം? എന്നായി അടിയാൻ; പണ്ടത്തെ യജമാൻ അടിയാൻ ബന്ധം അങ്ങനെയായിരുന്നു. ഇക്കാലത്തെ ദൈവദാസന്മാരിൽ എത്ര പേർക്ക് അതറിയാം?

ആരാധനയ്ക്ക് മനുഷ്യ ചരിത്രത്തോളം പഴക്കമുണ്ട്. ആദിമനുഷ്യൻ പാപത്തിൽ പതിച്ചതിനാൽ ദൈവത്തിൽ നിന്നും ഒളിക്കാൻ ശ്രമിച്ചപ്പോൾ ദൈവം അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ട് പാപമോചനത്തിനും ദൈവവുമായുള്ള പുന:സംഗമത്തിനുമായുള്ള യാഗം അദ്ദേഹത്തെ പഠിപ്പിച്ചു. അതനുസരിച്ച് യാഗം കഴിച്ച് അവർ ദൈവ സംസർഗം ചെയ്തിരുന്നു. അവരിൽ നിന്നാണ് മക്കൾ യാഗത്തെ കുറിച്ച് പഠിച്ചത്. അക്കാലത്തു തന്നെ സാത്താൻ അവരുടെ ആദ്യ ജാതനെ വശീകരിച്ച് വ്യാജാരാധന അവനെ പഠിപ്പിച്ചു. അന്നു മുതൽ ജാതി, മത, വർഗ്ഗ, വർണ്ണ, ദേശ, ഭാഷാ വ്യത്യാസമില്ലാതെ ലോകത്തിൽ നടന്നിട്ടുള്ളതും നടക്കുന്നതുമായ ആരാധനകളിൽ ബഹുഭൂരിപക്ഷവും സാത്താന്യ ആരാധനകളാണ്. അതേപറ്റിയെല്ലാം ഇതിൽ വിവരിക്കുക സാധ്യമല്ല.

ഉദാത്തമായ ആരാധനയുടെ അത്യന്തിക ഫലം ആനന്ദമാണ്. ആനന്ദം, ഉല്ലാസം, സന്തോഷം, പ്രമോദം എന്നിവ പര്യായ പദങ്ങളാണ്. അതിന്റെയെല്ലാം ഉറവിടം യഹോവയാണ്. കോരഹ് പുത്രന്മാർ ദൈവത്തെ പറ്റി എന്റെ പരമാനന്ദമായ ദൈവം എന്നു പാടിയിരിക്കുന്നു (സങ്കീ. 43:4). നിന്റെ ആനന്ദ നദി നീ അവരെ കുടിപ്പിക്കുന്നു (സങ്കീ. 35:8). ഏതു കാലത്തും എവിടെയുമുള്ള ദൈവമക്കൾക്ക് സഭ്യമാണത്. യഹോവയെ ജീവജലത്തിന്റെ ഉറവയായി ചിത്രീകരിച്ചിട്ടുണ്ട് (യിര. 2:13). അവിടെ മഹിമയുള്ളവനായ യഹോവ നമുക്ക് വീതിയുള്ള നദികൾക്കും തോടുകൾക്കും പകരമായിരിക്കും (യെശ. 33:21). പുതിയ യെരുശലേമിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നാണ് ജീവജല നദി ഉത്ഭവിക്കുന്നത് (വെളി. 22:1). അത് പുതിയ ഭൂമിയിൽ എല്ലായിടവും ഒഴുകിയെത്തും.

നമ്മുടെ ഭൂമിയിലെ നദികൾ വിവിധ ഭാഗങ്ങളിൽ ഉറവകളായി ഉത്ഭവിച്ച് തോടുകളും ചെറു നദികളുമായി മാറി അങ്ങനെ പല ശാഖകൾ ഒന്നിച്ചു ചേർന്ന് ഒഴുകി സമുദ്രങ്ങളിൽ പതിക്കുന്നു. അതിന് നേർ വിപരീതമായിരുന്നു ഏദനിലെ നദികൾ. ഒരു നദി ഏദനിൽ നിന്നു പുറപ്പെട്ടു. അത് നാല് ശാഖയായി പിരിഞ്ഞു. ഒരു നദി ഉണ്ട്; അതിന്റെ തോടുകൾ ദൈവ നഗരത്തെ അത്യുന്നതന്റെ വിശുദ്ധ നിവാസത്തെ തന്നെ സന്തോഷിപ്പിക്കുന്നു (സങ്കീ. 46:4). പലരുടേയും ഭാഷ്യം പോലെ പുതിയ യെരുശലേമിന്റെ വീഥികളിൽ മാത്രം ഒഴുകുന്നതല്ല ജീവ ജല നദി. അതിന്റെ ഇരു കരകളിലുമാണ് ജീവ വൃക്ഷങ്ങൾ നിൽക്കുന്നത്. അത് പുതിയ യെരുശലേമിൽ മാത്രമുള്ളതാണെങ്കിൽ അതിന്റെ ഇല ജനതകളുടെ (Nations) രോഗശാന്തിക്ക് ഉതകണമെങ്കിൽ അത് പുതിയ ഭൂമിയിൽ എല്ലായിടത്തും വിതരണം ചെയ്യേണ്ടി വരുമല്ലോ.

പുതിയ ഭൂമി നിവാസികൾ ദൈവമുഖം കാണുന്നതും ആരാധിക്കുന്നതുമാണ് നമ്മുടെ ഇവിടുത്തെ പ്രസക്ത വിഷയം. പുതിയ യെരുശലേമിലെ ദൈവസിംഹാസനത്തിങ്കൽ ചെന്നാണ് ദൈവമുഖം കാണുന്നതെന്നും ആരാധിക്കുന്നതെന്നുമാണ് പെന്തെക്കോസ്ത് സഭകളുടെ സിദ്ധാന്തം എന്നാണ് പ്രസിദ്ധരായ വ്യാഖ്യാതാക്കളുടെ എഴുത്തുകളിൽ നിന്നും ഞാൻ മനസിലാക്കുന്നത്. അതൊന്നും ഉദ്ധരിക്കുന്നില്ല. ആ ഭാഷ്യം ശരിയല്ല എന്നതിനുള്ള രണ്ട് ന്യായങ്ങൾ കുറിക്കുന്നു. (തുടരും)

പഠനം

പാലിക്കാൻ പറ്റാത്ത ന്യായപ്രമാണവും ക്രിസ്തു വെളിപ്പാടും



ദൈവത്തിന്റെ പ്രസാദം ലഭിക്കാൻ വിശ്വാസം മാത്രം മതിയെന്നും തന്റെ പ്രവൃത്തികൾ നിഷ്ഫലമെന്നും മനസ്സിലാക്കി കൃപയിൽ ശരണം പ്രാപിക്കുന്ന മനോഹര കാഴ്ചയാണ് ക്രിസ്തു വെളിപ്പാടിൽ നമ്മൾ കാണുന്നതും അനുഭവിക്കുന്നതും.

അനീഷ്
കൊല്ലംകോട്

ന്യായപ്രമാണം മനുഷ്യന്റെ നന്മയ്ക്കു വേണ്ടിയാണ് നൽകിയത്. അതെത്തു മർമ്മം കൂടിയാണ്. ഒരിക്കലും മനുഷ്യന് അനുസരിച്ച് നിവൃത്തികരിക്കാൻ സാധ്യമല്ലാത്ത പ്രമാണം അവന് നന്മയാകുന്നത് എങ്ങനെയാണ്? വിശദീകരിക്കാം.

ദൈവത്തോളം പൂർണ്ണമായ പ്രമാണം അനുസരിക്കാൻ തനിക്ക് ഒരിക്കലും സാധ്യമല്ലെന്നും കാരണം താൻ അടിസ്ഥാനപരമായി പാപിയാണെന്നും മനുഷ്യൻ ന്യായപ്രമാണത്തിൽ നിന്നു തന്നെ ഗ്രഹിച്ചു. ഒരിക്കലും പാലിക്കാൻ പറ്റാത്ത ന്യായപ്രമാണം നൽകിയതിന്റെ പിന്നിലെ ഉദ്ദേശ്യവും അതു തന്നെയായിരുന്നു. തന്നെ ബന്ധിച്ച് അടിമപ്പെടുത്തിയിരിക്കുന്ന പാപത്തിൽ നിന്ന് വിമോചനം നേടാതെ തനിക്ക് ഒരിക്കലും പ്രമാണം അനുസരിക്കാൻ കഴിയില്ല എന്നു മാത്രമല്ല താൻ എന്നെന്നേക്കും നിത്യ നരകത്തിന് പാത്രീഭൂതനാണെന്നും തിരിച്ചറിയുന്ന മനുഷ്യൻ ന്യായപ്രമാണം കൂടാതെ തന്നെ രക്ഷിക്കാൻ കഴിയുന്ന ബദൽ മാർഗ്ഗം അന്വേഷിക്കുന്നു.

'..അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ. ഈ പാപത്തിനു അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും'...? ചുരുക്കി പറഞ്ഞാൽ ന്യായപ്രമാണം മനുഷ്യനെ അവന്റെ നിസ്സഹായത ഗ്രഹിപ്പിച്ച് അഹങ്കാരവും തൻ പോരിമയും നീക്കി കൃപയിലേയ്ക്കും വിശ്വാസത്തിലേയ്ക്കും പടി പടിയായി ഉയർത്തിക്കൊണ്ടു വരികയായിരുന്നു.

ന്യായപ്രമാണം മനുഷ്യനെ ക്രിസ്തുവിലേയ്ക്ക് നടത്തി എന്ന വേദഭാഗത്തെ ഈ നിലയിലാണ് ഗ്രഹിക്കേണ്ടത്. അതായത്, പാപിയായ മനുഷ്യന് ന്യായപ്രമാണത്തിന്റെ മനോഹാരിത വർണ്ണിക്കാൻ മാത്രമേ കഴിയുമായിരുന്നുള്ളൂ. അനുസരിക്കാൻ ഒരിക്കലും സാധ്യമായിരുന്നില്ല. രക്ഷിക്കാൻ കഴിയാത്ത പ്രമാണം പാപിയായ മനുഷ്യനെ നരകത്തിന്റെ ആഴത്തിലേക്ക് താഴ്ത്തികൊണ്ടേയിരുന്നു.

ഇനി ക്രിസ്തു വെളിപ്പാടിലേയ്ക്ക് വരാം. ന്യായപ്രമാണത്തിന്റെ ബലഹീനത എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം അതിനു മനുഷ്യനെ ശിക്ഷിക്കാൻ മാത്രമേ കഴിയൂ, രക്ഷിക്കാൻ കഴിയുമായിരുന്നില്ല എന്നതാണ്. രക്ഷ സംഭവിക്കണമെങ്കിൽ മനുഷ്യൻ പാപരഹിതനാകണം. മനുഷ്യനെ പാപരഹിത അവസ്ഥയിൽ എത്തിക്കാനും ന്യായപ്രമാണത്തിന് ഒരിക്കലും സാധിക്കുമായിരുന്നില്ല.

ഇവിടെയാണ് ന്യായപ്രമാണം ബലഹീനമായത്. മനുഷ്യന്റെ ഈ നിസ്സഹായ അവസ്ഥയിലാണ് നമ്മുടെ കർത്താവും രക്ഷകനുമായ യേശു ക്രിസ്തു, ന്യായപ്രമാണത്തിന്റെ കീഴിൽ ജനിച്ച് അതിനെ പൂർണ്ണമായും നിവർത്തിച്ച് അതിന്റെ അടിമത്തത്തിൽ കിടന്ന മനുഷ്യനെ പുറത്തു കൊണ്ടു വന്നത്. ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയായി. അങ്ങനെ ന്യായപ്രമാണത്തിലൂടെ ഓഫർ ചെയ്യപ്പെട്ട പാപമോചനവും നീതിയും യേശു ക്രിസ്തുവിന്റെ പാപപരിഹാര യാഗത്തിലൂടെ (കൃപയാൽ) നിവൃത്തികരിച്ചു. കേവലം വിശ്വാസ പ്രഖ്യാപനത്താൽ അതു പ്രാപ്യമാക്കി. പാപത്തിനും ഒപ്പം ന്യായപ്രമാണത്തിനും അടിമപ്പെടുത്താൻ കഴിയാത്ത ക്രിസ്തുവിലായ മനുഷ്യൻ അവ രണ്ടിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു.

പ്രവർത്തിച്ചും പ്രയത്നിച്ചും നേടും എന്ന് സ്വന്തം കഴിവിൽ ആശ്രയിച്ച മനുഷ്യൻ, ദൈവത്തിന്റെ കരുണയും കൃപയും കൂടാതെ തനിക്ക് ജീവിച്ചിരിക്കാൻ അർഹതയില്ലെന്നും തന്റെ നന്മ പ്രവൃത്തികൾ കേവലം കറ പുരണ്ട തുണി പോലെയാണെന്നും ഗ്രഹിക്കുന്നു. ദൈവത്തിന്റെ പ്രസാദം ലഭിക്കാൻ വിശ്വാസം മാത്രം മതിയെന്നും തന്റെ പ്രവൃത്തികൾ നിഷ്ഫലമെന്നും മനസ്സിലാക്കി കൃപയിൽ ശരണം പ്രാപിക്കുന്ന മനോഹര കാഴ്ചയാണ് ക്രിസ്തു വെളിപ്പാടിൽ നമ്മൾ കാണുന്നതും അനുഭവിക്കുന്നതും.


ഇന്ന് ക്രിസ്തുവിനെ സ്വീകരിച്ചിരിക്കുന്ന ഒരു വിശ്വാസിയ്ക്ക് ന്യായപ്രമാണത്തിന് മുകളിൽ ജീവിക്കാൻ സാധിക്കും. കൊല ചെയ്യരുത് എന്നു പറയുന്ന പ്രമാണത്തിനപ്പുറത്ത് കോപിക്കാൻ പോലും ഭയപ്പെടുന്ന തലത്തിലേക്ക് ക്രിസ്തു ഭക്തൻ ഉയർത്തപ്പെട്ടു.

ന്യായപ്രമാണത്തിന്റെ ബലഹീനത ഒറ്റനോട്ടത്തിൽ

1. പാപികളെ നീതീകരിക്കാൻ കഴിയില്ല – ഗലാത്യർ 2:16
2. പാപത്തെക്കുറിച്ചുള്ള അറിവ് മാത്രം നൽകുന്നു – റോമർ 3:20
3. പാപം വർദ്ധിപ്പിക്കുന്നു – റോമർ 5:20
4. ദൈവ കോപം കൊണ്ടുവരുന്നു – റോമർ 4:15
5. ജീവിക്കാൻ അനുവദിക്കുന്നില്ല – ഗലാത്യർ 3:21
6. മരണ ശുശ്രൂഷ – 2 കൊരിന്ത്യർ 3:7
7. താത്കാലികവും കാലഹരണപ്പെട്ടതുമാണ് – എബ്രായർ 8:13
8. ബന്ധനം ഉളവാക്കുന്നു – ഗലാത്യർ 4:2425
9. മനസ്സാക്ഷിയെ ശുദ്ധീകരിക്കാൻ കഴിയില്ല – എബ്രായർ 10:12
10. കേവലം ഒരു നിഴൽ മാത്രം – എബ്രായർ 10:1

PRESENTS
LEAP
Excellence Through Training
www.leaptrainingacademy.com
LEAP IAS MENTORSHIP PROGRAMME
Empower Your UPSC CSE 2026 Preparation
UNLOCK YOUR POTENTIAL WITH LEAP IAS.
Register for free introductory sessions
Our comprehensive support system includes:
- **Day-Wise Study Plan:** Stay organized and focused with a structured study schedule.
- **Strategic Mentoring Sessions:** Gain insights and strategies from experienced mentors.
- **Prelims Blueprint**: PYQ Analysis, Mapping sessions etc.
- **CSAT Strategy & Guidance**
- **Answer Writing Practice:** Enhance your writing skills with regular practice and feedback.
- **Discussion Forum:** Engage in meaningful discussions and share knowledge with peers.
- **Peer Learning:** Collaborate with fellow aspirants to strengthen your preparation.
FOR MORE DETAILS
PROF. SAM SKARIAH : +91 9820 261 849, +91 9567 522 974 | E-MAIL : leapsias@gmail.con
(LEAP DIRECTOR)

PRAYER
പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.
Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04828223287
Email : prayercell@rediffmail.com



സുവിശേഷവാഹിനി
ക്രിസ്തീയ പത്രം

കഥ

മഹാനിയോഗം



സുബേദാർ
സണ്ണി കെ ജോൺ
രാജസ്ഥാൻ

ദേവേട്ടൻ ബാംഗ്ലൂരിൽപട്ടാളജോലിയിലാണ്. അവധിക്ക് വരുമ്പോഴൊക്കെ അമ്മ ദേവേട്ടനെ ഓർമിപ്പിക്കും

'ഇയ്ക്കൊല്ലം മണിക്കുട്ടി പന്ത്രണ്ട് കഴിം കുട്ട്യേയ്....മുൻപോട്ട് എന്താന്ന് ച്ചാ നീയ് പറഞ്ഞാലല്ലേ ഒള്ടെ തലേല് ന്തേലും കേറൂ...!'' പഠിക്കാൻ അസാമാന്യ ബുദ്ധിയാണ് മണിക്കുട്ടിക്ക് കണക്കിനും സയൻസിനും അവൾക്കൊപ്പമെത്താൻ ആ ജില്ലയിലെങ്ങും ആരുമില്ല. ദേവേട്ടനിൽ നിന്ന് ഒന്നുമാത്രം പഠിക്കാൻ, കേൾക്കാൻ എന്നും അവൾ ആഗ്രഹിച്ചു. ആകാശത്തിന്റെ അനന്തതയിലേക്ക് കൈ ചൂണ്ടി അവൾ ചോദിച്ചു,

അപ്പോ ദേവേട്ടൻ പറഞ്ഞില്ലേ, ഭൂമി സൂര്യന് ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നത് പോലെ സൂര്യനും സ്വയം ഭ്രമണം ചെയ്യുന്നുണ്ടെന്ന്! മണിക്കൂറിൽ 1997 കിലോമീറ്റർ എന്ന് പറയുമ്പോൾ സൂര്യൻ അവിടെത്തന്നെ നിന്ന് ഒരു പമ്പരം പോലെ കറങ്ങുകയായിരിക്കും. ഉവ്വോ'

''അല്ല; സൂര്യനും ഒരു സ്ഥലത്ത് തന്നെ നിൽക്കുകയല്ല ചെയ്യുന്നത്. നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. സൂര്യൻ മാത്രമല്ല; മണിക്കുട്ടിയും ഞാനും നമ്മുടെ ഭൂമിയും സൗരയൂഥം മുഴുവനും മണിക്കൂറിൽ ഏകദേശം എട്ടു ലക്ഷത്തിനടുത്ത് കിലോമീറ്റർ വേഗത്തിൽ ആകാശ ഗംഗയുടെ മദ്ധ്യഭാഗം വലം വച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ 225-250 ദശലക്ഷം വർഷം വേണ്ടിവരും ഒരു റൗണ്ട് തികയ്ക്കാൻ ത്രേ!''

''അപ്പോ'',

എന്തൊക്കെയോ ചിന്തകളുടെ അസുഖകരമായ ആധിക്യത്തിൽ മണിക്കുട്ടി പറഞ്ഞു,

''ഗ്യാലക്സികളും സഞ്ചരിക്കുന്നുണ്ടാവും ല്ലേ ദേവേട്ടാ'' ?

'പന്ത്രണ്ട് കഴിയട്ടെ. ഞാൻ നിന്നെ ബാംഗ്ലൂർക്ക് കൊണ്ടുപോകാം. അവിടെ കോളേജിൽ ബി.എസ്.സി ഫിസിക്സിന് ചേർക്കാം. അതാവുമ്പോ പിന്നീട് നിനക്ക് എം.എസ്.സി ആസ്ട്രോഫിസിക്സും കോസ്മോളജിയുമൊക്കെയായി പ്രപഞ്ചം എത്തിനോക്കാലോ'

അങ്ങനെയാണ് ബാംഗ്ലൂരിലേക്ക് പറിച്ചു നടപ്പെട്ടത്. ദേവേട്ടന് പഠനം പൂർത്തീകരിക്കാൻ കഴിയാതെ പോയ അതേ കോളേജിൽ. മുന്നോട്ട് പോകണമെന്ന് ആഗ്രഹിച്ച അതേ വിഷയങ്ങളിൽ, പഠനം, ഉപരി പഠനം. സൈദ്ധാന്തിക പ്രപഞ്ചശാസ്ത്രം, ജോലി, ഗവേഷണം. താൽപര്യം പക്ഷേ, നിരീക്ഷണ പ്രപഞ്ചശാസ്ത്രത്തിൽ തന്നെ ആയിരുന്നു. ദൂരദർശനികളിൽ നിന്നും മറ്റു ഉപകരണങ്ങളിൽ നിന്നും നിരീക്ഷണ ഡാറ്റയുടെ വിശകലനം മനസ്സിന് ആനന്ദം നൽകുമ്പോഴും ദേവേട്ടന്റെ ശബ്ദം കാതുകളിൽ മുഴങ്ങിക്കൊണ്ടേയിരുന്നു

ഇനി നമ്മുടെ ഗ്യാലക്സിയും അവിടെത്തന്നെ നിൽക്കുകയല്ല ചെയ്യുന്നത് മണിക്കൂറിൽ 22 ലക്ഷത്തിൽ പരം കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുകയാണ്. ഒരു ലക്ഷം പ്രകാശവർഷത്തോളം വിസ്തൃതിയുള്ള നമ്മുടെ ഗാലക്സിയിലെ നാൽപതിനായിരം കോടി നക്ഷത്രങ്ങളും അവയ്ക്കും പത്തിരട്ടി വരുന്ന ഗ്രഹങ്ങളും ഒക്കെ ബഹിരാകാശത്തിലൂടെ അതിവേഗം ഒരു പ്രത്യേക സ്ഥലം ലക്ഷ്യമാക്കി സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് നിരീക്ഷണ വഴിയെ നിനക്ക് നേരിട്ട് കാണാൻ കഴിയും.

കണ്ടു. ആവോളം കണ്ടു.

അതിനിടയ്ക്ക് ദേവേട്ടൻ സ്ഥലം മാറിപ്പോയി. ദേവേട്ടന്റെ അമ്മ മരിച്ചതിന് ശേഷം നാട്ടിലേക്ക് തന്നെ വരവ് നിന്നിരുന്നു. കണ്ടിട്ട് എത്രയോ നാളുകളായി. മറന്നതല്ല നിരീക്ഷണാലയവും ഗവേഷണവും ഒക്കെയായി പ്രയാണം ചെയ്ത് പെർക്സിലെത്തി. പൾസാറുകൾ ഉയർന്ന കാന്തികതയുള്ള ന്യൂട്രോൺ നക്ഷത്രങ്ങൾ. വിദൂര ഗാലക്സികളിൽ നിന്നുള്ള റേഡിയോ തരംഗങ്ങൾ. ക്വാസറുകൾ. വേഗതയേറിയ റേഡിയോ പൊട്ടിത്തെറികൾ. വിദൂര ഗാലക്സികളിൽ നിന്നുള്ള റേഡിയോ ഊർജ്ജത്തിന്റെ ഹ്രസ്വവും തീവ്രവുമായ സ്പന്ദനങ്ങൾ എന്നിവയിലൊക്കെ മുഴുകിപ്പോയെന്നു മാത്രം!

വിമാനം എയർപോർട്ടിൽ ഇറങ്ങാനുള്ള അറിയിപ്പ് വന്നപ്പോൾ മണിക്കുട്ടി പഴയ ഓർമ്മകളോട് വിട പറഞ്ഞു. ഇപ്പോൾ ഇതാ പതിനാല് വർഷങ്ങൾക്ക്ശേഷം ഞാനെന്റെ പട്ടാളക്കാരനെ, സുഹൃത്തിനെ, ഗുരുവിനെ കാണാൻ പോകുകയാണ്!

ലേയിൽ വിമാനം ഇറങ്ങിയ മണിയെ കാത്ത് പട്ടാളത്തിന്റെ ജിപ്സിയും അകമ്പടി വാഹനങ്ങളും നിന്നിരുന്നു. കാളി മന്ദിരത്തിന്റെ മലനിരകൾക്ക് താഴെ, പട്ടാളത്തിന്റെ യൂണിറ്റുകളത്രയും ലേഔട്ട് ചെയ്ത് കിടന്നിരുന്നു. അതും പിന്നിട്ട് സ്തൂപങ്ങൾ കുത്തി നിർത്തിയ വഴിത്താരയിലൂടെ യാത്ര ചെയ്ത് വാഹനം ഒരു പഴഞ്ചൻ വീടിനു മുന്നിൽ ചെന്ന് നിന്നു.

തൊപ്പിവച്ച് മുട്ടിന് താഴെ ഇറങ്ങി കിടന്ന ഫോൺപാ ധരിച്ച് ജരാനരകൾ ബാധിച്ച ഒരു മനുഷ്യൻ ഇറങ്ങി വന്നു. പട്ടാളക്കാർ ആദര സൂചകമായി സല്യൂട്ട് ചെയ്ത് പിരിഞ്ഞു. ''ജയ് ഹിന്ദ് ഗുരുജി''

'വരിക വരിക ഡോക്ടർ മണി. ഇന്ത്യയുടെ അഭിമാന ഭാജനം .....പാർക്സിലെ യുവ ശാസ്ത്രജ്ഞ''

മണിക്കുട്ടി ഞെട്ടിപ്പോയി! ഇത്....?!

ദേ... വേ....ട്ട....ൻ...!?

ആയിരമായിരം കാര്യങ്ങൾ പറയാനും ചോദിക്കാനും ആയിട്ടായിരുന്നു ഉത്സാഹത്തോടെ മണിക്കുട്ടി ഓടി വന്നത്. എയർ ഡിഫൻസ് ആർട്ടിലറി റജിമെൻറിന്റെ മിടുക്കനായിരുന്ന ഓഫീസർ ഇതാ താടി നീട്ടി ജരാനരകൾ ബാധിച്ചവനായി, ഗ്രാമക്കാരുടെ പാസ്റ്ററായി, സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിക്കുന്നു.!

ഇതെങ്ങനെ സംഭവിച്ചു? വളരെയധികം പിണ്ഡമുള്ള ഒരു നക്ഷത്രം അതിന്റെ ജീവിതാന്ത്യത്തിൽ നേരിട്ട് ഒരു ബ്ലാക്ക് ഹോൾ ആയി ചുരുങ്ങി ചുരുങ്ങിപോയ പോലെ. ആരാരും അറിയാതെ ഒരു ജീവിതം! പറയൂ, ദേവേട്ടാ, ഇതെങ്ങനെ സംഭവിച്ചു?

'മലയാളിയായ എന്റെ ഒരു സുബേദാർ മേജർ പെൻഷൻ ആയി പോയപ്പോൾ അദ്ദേഹം ഈ ബൈബിൾ എനിക്ക് തന്നിട്ടായിരുന്നു പോയത്. ഈ വചനത്തിന്റെ കാന്തിക പ്രഭ എന്നെ മാറ്റി മറിച്ചു.''

ആ പകൽ മുഴുവൻ അവർ സംസാരിച്ചുകൊണ്ടിരുന്നു. നക്ഷത്രങ്ങളെ കുറിച്ചും ഗ്യാലക്സികളെക്കുറിച്ചും മണിക്കുട്ടി വാചാലയായി. നമ്മുടെ മിൽക്കിവേ ഗ്യാലക്സിയും ആൻഡ്രോമഡ ഗാലക്സിയുമടക്കം ആയിരമായിരം ഗാലക്സികൾ 25 കോടി പ്രകാശവർഷം ദൂരത്തേക്ക് അദൃശ്യമായ ഒരു ശക്തിയുടെ ആകർഷണത്തിൽ അതിവേഗം സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്. ഞങ്ങൾ അതിനെ ഗ്രേറ്റ് അട്രാക്ടർ എന്ന് വിളിക്കുന്നു. ഇതിന്റെ ഗുരുത്വാകർഷണം മൂലം ആയിരക്കണക്കിന് ഗ്യാലക്സികളെ അത്തന്നിലേക്ക് വലിച്ചടുപ്പിക്കുകയാണ്.

ഒരു പടി കൂടി മുന്നോട്ടു പോയാൽ 500 മില്യൺ പ്രകാശവർഷം ദൂരെ സ്ഥിതി ചെയ്യുന്ന ഷേപ്പിലി മെഗാക്ലസ്റ്ററും ബെലാമെ ഗാക്ലസ്റ്ററും ഈ ഗ്രേറ്റ് അട്രാക്ടറിനെ അടക്കം ഗ്യാലക്സികളെ മുഴുവൻ ആകർഷിക്കുന്നു.....!പ്രപഞ്ചത്തിന്റെ ഏതോ ഒരു അദൃശ്യ ശക്തി ഇവയെല്ലാം വലിച്ച് അടിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്. അത് കണ്ട് പിടിക്കാൻ ശാസ്ത്രത്തിന് കഴിയുന്നില്ല.

''ശാസ്ത്രത്തിനല്ല; നിനക്ക് മണിയേയ് ! നിനക്ക് കാണാൻ കഴിയുന്നില്ലെന്ന് പറ. ദൃശ്യ ലോകം മാത്രമല്ലേ നീ ഇതുവരെ കണ്ടിട്ടുള്ളൂ. അതിലും പതിനായിരം പതിനായിരം ഇരട്ടി അധികം അദൃശ്യ വസ്തുക്കളും അദൃശ്യ പ്രപഞ്ചവും ഉണ്ട്''.

''ഉണ്ട്.'' മണിക്കുട്ടി സമ്മതിച്ചു.

അയാൾ ബൈബിൾ തുറന്നു വായിച്ചു,

സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.''

ഒരു ശാസ്ത്രജ്ഞൻ എന്നും വിദ്യാർത്ഥിയായിരിക്കും. കാരണം അവൻ കാണുന്ന നക്ഷത്രങ്ങളും ഗാലക്സികളും ക്ലസ്റ്ററുകളും ആയിരമായിരം കൊല്ലങ്ങൾക്ക് മുമ്പ് അവിടെ ഉണ്ടായിരുന്നത് മാത്രമാണ്. ഇന്ന് അവ അവിടെ ഉണ്ടോ എന്ന് നമുക്ക് അറിയുകയില്ല. പ്രപഞ്ചം വികസിക്കുകയാണ് പ്രപഞ്ചം മാറി മറിയുകയാണ് എന്നാൽ മാറാത്തവനായ ഒരുവനുണ്ട്. അത് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചവനായ യഹോവയായ യേശുമശിഹയാണ്. മണിക്കുട്ടീ, സകലതും സൃഷ്ടിച്ച ആ ദൈവത്തെ ഞാൻ കണ്ടുമുട്ടി, അവനിൽ നമുക്ക് പാപമോചനം എന്ന വീണ്ടെടുപ്പുണ്ട്. ഈ മഹാപ്രപഞ്ചം സൃഷ്ടിച്ച യേശു സത്യദൈവവും നിത്യജീവനുമാണ്.

നിങ്ങൾ കണ്ണ് മേലോട്ട് ഉയർത്തി നോക്കുവിൽ. ഇവയെ സൃഷ്ടിച്ചതാര്? അവൻ അവയുടെ സൈന്യത്തെ സംഖ്യ ക്രമത്തിൽ പുറപ്പെടുവിക്കുകയും അവയെ എല്ലാം പേർ ചൊല്ലി വിളിക്കുകയും ചെയ്യുന്നു. അവന്റെ വീര്യമഹാത്മ്യം നിമിത്തവും അവന്റെ ശക്തിയുടെ ആധിക്യം നിമിത്തവും അവയിൽ ഒന്നും കുറഞ്ഞു കാണുകയില്ല. തന്റെ കൈയ്യുടെ ചാണുകൊണ്ട് ആകാശത്തിന്റെ പരിമാണമെടുക്കുന്നവൻ. ലാനിയാകിയാ സൂപ്പർ ക്ലസ്റ്ററുകളെപോലും ഉള്ളം കരത്തിൽ വഹിക്കാൻ കഴിക്കുന്നവൻ! ആ വലിയവനായ ദൈവം, എനിക്കുവേണ്ടി മരിച്ചു ! എനിക്കുവേണ്ടി സ്വർഗീയ മഹത്വം വെടിഞ്ഞ് ഏറ്റം ചെറുതായി ഈ ഭൂമിയിലേക്ക് വന്നു

''ദൈവം മരിക്കേ്യ....? പ്രപഞ്ചത്തേക്കാളും വലിയ ദൈവത്തിന് എങ്ങനെ ചെറിയ നിസാര മനുഷ്യനായി ഭൂമിയിൽ വരാൻ.....?''

സംശയം കൊണ്ട് അവളുടെ കണ്ണ് ചെറുതാകുന്നത് അയാൾ കണ്ടു. അയാൾ ചോദിച്ചു,

''എന്താണ് സ്റ്റെല്ലാർ ബ്ലാക്ക് ഹോളുകൾ ?''

ഒരു നക്ഷത്രത്തിന് ഇന്ധനം തീർന്നു പോകുമ്പോൾ, ഗ്രാവിറ്റി മൂലം കംപ്രസ് ചെയ്യപ്പെടുകയും വലിയ അളവിലുള്ള ഈ



പി.വൈ.പി.എ. കോട്ടയം മേഖലക്ക് പുതിയ നേതൃത്വം





കോട്ടയം: പി.വൈ.പി.എ കോട്ടയം മേഖല ഭാരവാഹികളായി സാം പ്രസാദ് മണർകാട് (പ്രസിഡന്റ്), ഫിലിപ്പ് ജെയിംസ് വൈക്കം (വൈസ് പ്രസിഡന്റ്), ബിജിൽ ജോർജ്ജി ചെറിയാൻ കോട്ടയം സൗത്ത് (വൈസ് പ്രസിഡന്റ്), ജെബിൻ ജെയിംസ് വാഴൂർ (സെക്രട്ടറി), ജുബിൻ സി.കുര്യൻ പാലാ ഈസ്റ്റ് (ജോയിന്റ് സെക്രട്ടറി), ബിബിൻ വർഗ്ഗീസ് അരീപറമ്പ് (ജോയിന്റ് സെക്രട്ടറി), ജെസ്സൻ ഫിലിപ്പ് ജോർജ്ജ് പുതുപ്പള്ളി (ട്രഷറർ), പോൾസൺ ടി. സ്കറിയാ കോട്ടയം സൗത്ത് (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തെരെഞ്ഞെടുത്തു. ഐപിസി കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം ബെന്നി പുള്ളോലിക്കൽ മുഖ്യ തെരെഞ്ഞെടുപ്പ് കമ്മീഷനായും, സഞ്ചു ഏബ്രഹാം, കെ.കെ.ശശീന്ദ്രൻ എന്നിവർ റിട്ടേണിംഗ് ഓഫീസർമാരായും പ്രവർത്തിച്ചു.

ലഹരിവിരുദ്ധ സന്ദേശയാത്ര നടത്തി



കോട്ടയം: ഐപിസി കോട്ടയം സോണലിന്റെ ആഭിമുഖ്യത്തിൽ ജില്ലയുടെ വിവിധയിടങ്ങളിൽ നടന്ന ലഹരിവിരുദ്ധ സന്ദേശയാത്ര ശ്രദ്ധേയമായി. മണർകാട് എസ്.ഐ. സജീർ ഇ.എം. ഫ്ലാഗ് ഓഫ് ചെയ്തു. സോണൽ പ്രസിഡന്റ് പാസ്റ്റർ പി.എ. മാത്യു ഉദ്ഘാടനം ചെയ്തു. സെക്രട്ടറി പാസ്റ്റർ സുധീർ വറുഗീസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഷിജു ആന്റണി മുഖ്യ സന്ദേശം നൽകി. വൈസ് പ്രസിഡൻറ് പാസ്റ്റർ തോമസ് മാത്യു ചാരുവേലി, ട്രഷറാർ ബെന്നി പുള്ളോലിക്കൽ, പാസ്റ്റർ ഇ. റ്റി. കുഞ്ഞുമോൻ, പാസ്റ്റർ സി.സി. പ്രസാദ്, പാസ്റ്റർ അച്ചൻകുഞ്ഞ് തുടങ്ങിയവർ നേതൃതം നൽകി.

ഒപിഎ ഫാമിലി കോൺഫറൻസ് ജൂൺ 28ന് തുടങ്ങും

മാവേലിക്കര: പെന്തെക്കോസ്തൽ അസംബ്ലി മസ്കറ്റിന്റെ 26 മത് ഫാമിലി കോൺഫറൻസ് ജൂൺ 28ന് മാവേലിക്കര വെട്ടിയാർ OPA CESS കോംപ്ലക്സിൽ നടക്കും. എസ്ഐഎജി ജനറൽ സെക്രട്ടറി ഡോ. കെ.ജെ. മാത്യു മുഖ്യ അതിഥി ആയിരിക്കും. ഒപിഎ യുടെ മുൻ ശുശ്രൂഷകൻ പാസ്റ്റർ എ.വൈ. തോമസ് അധ്യക്ഷത വഹിക്കും. കൂടുതൽ വിവരങ്ങൾക്ക്: തോമസ് മാത്യു : +91 98464 69732

ജോൺ ബ്രിട്ടാസ് എം.പി ഖേദ പ്രകടനം നടത്തി

(1-ാം പേജ് തുടർച്ച)

മായി കാണുന്നവർക്ക് മനസ്സിലാകും. അഭിമുഖത്തിൽ ഞാൻ പ്രധാനമായും ഊന്നാൻ ശ്രമിച്ചത്, പ്രധാനമന്ത്രി നരേന്ദ്രമോദിയും അദ്ദേഹത്തിന്റെ പാർട്ടിയും രാജ്യത്ത് വർഗീയ ധ്രുവീകരണം സൃഷ്ടിക്കാൻ നടത്തുന്ന ശ്രമങ്ങളെ കുറിച്ചായിരുന്നു. അയോധ്യയുടെ പശ്ചാത്തലത്തിൽ ഉയർത്തിയ ചോദ്യങ്ങളായിരുന്നു അഭിമുഖത്തിൽ ഏറെയും.

പ്രധാനമന്ത്രി പദത്തിലിരിക്കുന്ന ഒരാൾ അയോധ്യയിലെ പ്രാണപ്രതിഷ്ഠയിൽ മുഖ്യപൂജാരിയായി കാർമികത്വം വഹിച്ചത് ഇന്ത്യൻ ഭരണഘടനയുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതാണെന്ന് ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. നെഹ്റു ഇതുമായി ബന്ധപ്പെട്ട് അന്നത്തെ പ്രസിഡന്റ് രാജേന്ദ്രപ്രസാദിന് അയച്ച കത്തുകളെക്കുറിച്ചും പരാമർശിച്ചിരുന്നു. അതേസമയം, വിശ്വാസം വ്യക്തിപരമാണെന്ന നിലപാടാണ് എനിക്കുള്ളതെന്നും അടിവരയിട്ട് പറഞ്ഞിരുന്നു.

അതിനിടയിൽ പഞ്ചാബിലെ ഒരു സംഭവത്തെ മുൻനിർത്തി ചില ചോദ്യങ്ങളും അവതാരകൻ ഉന്നയിച്ചിരുന്നു. ഇതിനോട് പ്രതികരിച്ചപ്പോൾ പെന്തകോസ്ത് സമൂഹത്തിന് വിഷമം തോന്നുന്ന ചില കാര്യങ്ങൾ കടന്നുവന്നു എന്നാണ് ഇപ്പോഴത്തെ പരാതി. നാലുമണിക്കൂറോളം നീണ്ടുനിന്ന അഭിമുഖം മുക്കാൽ മണിക്കൂറിലേക്ക് ചുരുക്കിയപ്പോൾ പലതും സന്ദർഭത്തിൽ നിന്നും അടർന്നു മാറി, ഒപ്പം വിശദീകരണങ്ങൾ നഷ്ടമാകുകയും ചെയ്തു. ഇതാണ് തെറ്റിദ്ധാരണയ്ക്ക് വഴിവച്ചത്.

ഭരണഘടന നൽകുന്ന അവകാശങ്ങൾ പ്രകാരം ഏത് മതക്കാർക്കും അവരുടെ വിശ്വാസം മുറുകേ പിടിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി എക്കാലത്തും ഞാൻ നിലകൊണ്ടിട്ടുണ്ട്. പാർലമെൻറിലെ എന്റെ ഇടപെടൽ ശ്രദ്ധിക്കുന്നവർക്ക് അത് ബോധ്യപ്പെടുന്നതാണ്. അതേസമയം, അഭിമുഖത്തിലെ ഏതെങ്കിലും പരാമർശം പെന്തകോസ്ത് വിഭാഗത്തിന് വിഷമം സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി അചഞ്ചലമായി നിലക്കൊള്ളുന്ന പൊതുപ്രവർത്തകനാണ് ഞാൻ എന്ന കാര്യം അവർ ഓർമ്മിക്കും എന്നും കരുതുന്നു.

MATRIMONIAL

സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് (27/170 സെ.മി) B.com, MBA, ഇരുനിറം, സൗദിഅറേബ്യയിലെ പ്രമുഖ കമ്പനിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് നല്ല ആത്മിയ നിലവാരം പുലർത്തുന്നതും പ്രൊഫഷൽ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ +966 558145854, 9562525813

Kerala based Syrian Christain Pentecostal parents invite proposal for their daughter who is born and brought up in Bikaner, Rajasthan. Age (31), dob 13.07.1993, 152cm Height, B.A.LL.B, LL.M (International Comercial Finance and Banking Law, University of Birmingham,UK) practicing in the Honourable Supreme Court of India and High Court, New Delhi.Phone 9605432822, 9783965293

Syrian Christian missionary parents invite proposals for their son (27/B. Com, MBA from Canada, US B1, B2 visa holder) born and brought in North India, working as Hosptality Manager in Canada. Seeking alliance from parents of Pentecostal families for a God-fearing, Born again, Sprit filled and professionaly wualified young woman who is born again, Holy Spirit-filled, and dedicated to a life of faith and ministry. Contact Phone: +91 9650082916

Pentecostal Girl in Mumbai / MSc Nursing / Australia RN Syrian Christian Pentecostal parents inviting proposal for their daughter (30 yrs / Nov 1994 / 156 cm) born again,. baptized and spirit filled. She is brought up and studied in Mumbai (MSc Nursing & working Australia RN).

Prayerfully seeking alliance from parents of God fearing, Spirit filled, proffesionally qualified, Non Ornament wearing, interested in Gospel work with secular job, preferably born and brought up outside Kerala. Interested Parents please cobtact us @ Mobile & Whatsapp : 00965 98833139/ 00965 66139849

മഹാനിയോഗം

(5-ാം പേജ് തുടർച്ച)

ദ്രവ്യം അവിശ്വസനീയമാം വിധം ചെറിയ ഒരു സ്ഥലത്തേക്ക് ചുരുങ്ങുകയും ഒരു തീവ്രമായ ഗുരുത്വാകർഷണ മണ്ഡലം സൃഷ്ടിക്കുകയും ചെയ്യുന്നു.

എന്നുവെച്ചാൽ?

എന്നു വച്ചാൽ നമ്മുടെ ഭൂമിയെ ഞെക്കി ഞെരുക്കി ഒരു ഗ്രീൻപീസിന്റെ അത്രയും ചെറുതാക്കുന്നത് പോലെ! അങ്ങനെ ഗ്രാവിറ്റി പ്രഷർ, പരിധിവിട്ട് കൂടിയതു മുഖാന്തരം ലക്ഷക്കണക്കിന് കിലോമീറ്റർ വ്യാസമുണ്ടായിരുന്ന ഒരു നക്ഷത്രത്തിന്റെ കോർ, ഒരു ബിന്ദുവിലേക്ക് ഒതുക്കുന്നു. അതിനെയാണ് സിങ്കുലാരിറ്റി എന്ന് വിളിക്കുന്നത്. അവിടെ പ്രകാശത്തിന് പോലും'

'നിൽക്ക് മോളൂ, അങ്ങനെയെങ്കിൽ പ്രപഞ്ചത്തെ പരത്തി പരത്തി ഇനിയും വലുതാക്കാൻ അല്ലെങ്കിൽ ചെറുതാക്കി ചെറുതാക്കി ഒരു ബിന്ദുവിൽ ആക്കാൻ ദൈവം സർവ്വശക്തിയുള്ളവനാണെന്ന് നീ വിശ്വസിക്കുന്നുവോ ?

''ഉവ്വ്''

അങ്ങനെയെങ്കിൽ ആ ദൈവത്തിന് ചെറുതായി ചെറുതായി മാനവ രക്ഷയ്ക്ക് വേണ്ടി മറിയയുടെ വയറ്റിൽ പ്രവേശിക്കാൻ കഴിയില്ലേ? മുഴു പ്രപഞ്ചത്തിന്റെ സിങ്കുലാരിറ്റി എന്റെ യേശു എന്ന് നീ മനസ്സിലാക്കണം. അവനിലേക്ക് സകലതും ആകർഷിക്കപ്പെട്ടുകൊണ്ടേ ഇരിക്കുകയാണ്.

'പക്ഷേ മനുഷ്യൻ',

ഒരു ദീർഘ നിശ്വാസമെടുത്തുകൊണ്ട് ദേവേട്ടൻ പറഞ്ഞു,

''അത് മനസ്സിലാക്കുന്നില്ല മണി''

ആ പകലും രാത്രി മുഴുവനും മണിക്കുട്ടി യേശുവിനെ കേട്ടുകൊണ്ടിരുന്നു. കുഞ്ഞുന്നാളിൽ മുതൽ തന്നെ ദേവേട്ടൻ പറയുന്നതെല്ലാം കേൾക്കാൻ അവൾ ഇഷ്ടപ്പെട്ടിരുന്നു. അജ്ഞതയുടെ ആ കാലത്ത് ദേവേട്ടൻ ആയിരുന്നു അവൾ കണ്ട ഏറ്റം വലിയ ശാസ്ത്രജ്ഞൻ. എന്നാൽ ഇപ്പോൾ പറയുന്നത് അതിലും വലിയ നഗ്നമായ ശാസ്ത്ര സത്യമാണ്! നൂറു കണക്കിന് സ്പെക്ട്രോസ് കോപ്പി ക്രാത്രിയിലെ ഗവേഷണവും എക്സോപ്ലാനറ്റുകളുടെ കണ്ടെത്തലും, സൂപ്പർ നോവകളുടെ പഠനവും ഒക്കെ ഇതാ ഒരു സാധാരണ ദൈവവിശ്വാസിയുടെ കണ്ടെത്തലുകളിലേക്ക് നയിക്കുകയാണ്! ശാസ്ത്രം ഒടുവിൽ എത്തി നിൽക്കുന്നത് ദൈവത്തിൽ തന്നെയാണ്.

ഇനി ശാസ്ത്രത്തിന് മാറി നിൽക്കാൻ കഴിയുകയില്ല. ശാസ്ത്രം ദൈവത്തിൽ അലിയുകയാണ്. എല്ലാ പഠനങ്ങളും ഒരു ജ്യോതിർമയമായ ബിന്ദുവിലേക്ക് ചെന്നെത്തുന്നു. ആ ജ്യോതി ക്രിസ്തുവാണ്. അതാണ് ദൈവം; ദൈവശാസ്ത്രം.

ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും പൊങ്ങി വന്ന ആർദ്രമായ പ്രണയ ഭാവത്തോടെ മണിക്കുട്ടി പറഞ്ഞു,

''ദേവേട്ടന്റെ കൂടെ, ദേവേട്ടനിലൂടെ ദൈവത്തെ ഞാനും നോക്കി കാണട്ടെ. ദേവേട്ടൻ ലഡാക്കിന്റെ മലഞ്ചെരുവുകളിൽ കഴിയുന്ന ആയിരക്കണക്കിന് ജനത്തിന് യോശുവിനെ കാണിച്ചു കൊടുക്കാൻ ആഗ്രഹിക്കുന്നില്ലേ? എനിക്കും കാണിച്ചു തരൂ! ഞാൻ ഇനി മടങ്ങിപോണില്ല്യ! ജോലി രാജിവയ്ക്കയാണ്! അതിലും വലിയ ജോലിയല്ലേ ഇത്. ക്രിസ്തു എന്നെ ആകർഷിച്ചു കഴിഞ്ഞു. വയസ്സറിയിച്ചതു മുതൽ ദേവേട്ടനും! പറയാൻ ധൈര്യമുണ്ടായിരുന്നില്ല്യാ ! ഇനിയും അതിന്റെ കാന്തിക വലയം ഭേദിക്കാൻ വയ്യ.

രാത്രി അവസാനിച്ചതും നേരം പരുപരാ പുലർന്നു പോയതു മറിയാതെ അവൾ നഗ്നനേത്രങ്ങൾ കൊണ്ട് ആകാശത്തേക്ക് നോക്കി. എയറോസോളുകളുടെ കുറഞ്ഞ സാന്ദ്രത, കുറഞ്ഞ മലിനീകരണം, കുറഞ്ഞ താപനില. നക്ഷത്രങ്ങൾ അവളെ നോക്കി തലയാട്ടി. ആ നിമിഷത്തിന്റെ ആർദ്രമായ വല്ലായ്മയിൽ നിന്നും മണിക്കുട്ടി വിളിച്ചു,

''ദേവേട്ടാ.....നമുക്കും ഒരു നക്ഷത്രമായാലോ''

ആ വിളിയുടെ ഗഹനമായ വാച്യാർഥത്തിൽ ലഡാക്കിന്റെ ഗുരുവായ പാസ്റ്റർ ജിതരളിതനായി. മജ്ജയും മാംസവുമുള്ള മനുഷ്യനായി! തൊടിയും കാവും മച്ചുമുള്ള കോലോത്തെ പാവാടക്കാരി മണിക്കുട്ടിയുടെ കൂട്ടുകാരനായി. കാലങ്ങളായി അയാളും ആ വിളിക്കായി കാംക്ഷിക്കുകയായിരുന്നു, എന്നതായിരുന്നു സത്യം. അപ്രാപ്യമായ ഉയരങ്ങളിലേക്ക് അവൾ വളർന്ന് പോയി എന്നറിയാമായിരുന്നിട്ടും.....!

അയാൾ ചോദിച്ചു, ഏത് നക്ഷത്രമാകാനാണ് നിനക്കിഷ്ടം?

'പ്രോക്സിമ സെന്റോറി.. അത് യഥാർത്ഥത്തിൽ മൂന്ന് നക്ഷത്രങ്ങളുടെ ഒരുകൂട്ടായ്മയാണ്. അതിലൊന്ന് ഞാനും ഒന്ന് ദേവേട്ടനും അടുത്തത് പ്രപഞ്ച കർത്താവുമാകട്ടെ.

അയാൾ ഉരുവിട്ടു. രണ്ടു പേർ ഒരുമിച്ചു കിടന്നാൽ അവർക്കു ചൂടു കിട്ടും, തനിച്ചായാൽ എങ്ങനെ ചൂടു കിട്ടും? ഒറ്റയ്ക്കായിരിക്കുന്നവനെ കീഴ്പ്പെടുത്താൻ സാധിച്ചേക്കാം. രണ്ടു പേരാണെങ്കിൽ ചെറുക്കാൻ കഴിയും; മുപ്പിരിച്ചരടു വേഗം പൊട്ടുകയില്ല.

അന്നേരം മാസ്സുള്ള ഒരു വസ്തുവിനും പ്രകാശ വേഗതയെ മറികടക്കാൻ കഴിയില്ലാ എന്ന ആൽബർട്ട് ഐസ്റ്റിന്റെ സ്പെഷ്യൽ തിയറി ഓഫ്റിലേറ്റിവിറ്റിയെ തകർത്തുകൊണ്ട് അവരുടെ ഹൃദയങ്ങൾ പ്രണയത്തിന്റെ ദൈവീകമായി വിശുദ്ധിയോടെ ഒന്നാകാൻ അടുത്തു. അവരിരുവരും കെട്ടിപ്പുണർന്നു. അന്നേരം ലഡാക്കിന്മീതെ ആകാശ നക്ഷത്രങ്ങൾ പുഞ്ചിരിക്കാൻ തുടങ്ങി....



നെല്ലിക്കമൺ ഐപിസി താബോർ സഭ ശതാബ്ദി സമാപനം നടന്നു

റാന്നി: പ്രതിസന്ധികളിലും സമൂഹത്തോടുള്ള കടമ നിറവേറ്റാൻ സഭക്ക് കഴിഞ്ഞതിലൂടെ ആത്മീയ-ധാർമ്മിക ബോധമുള്ള തലമുറയെ സൃഷ്ടിക്കാൻ കഴിഞ്ഞെന്ന് ഐപിസി കേരള സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ പറഞ്ഞു. ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ നെല്ലിക്കമൺ താബോർ സഭയുടെ ശതാബ്ദി സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ക്രിസ്തുവിൽ വേരൂന്നി ജീവിതത്തെ പണിയുന്നവർക്ക് നിത്യമായ ഉയർച്ചയിലേക്ക് എത്താനാകുമെന്ന് പാസ്റ്റർ ദാനിയേൽ പറഞ്ഞു. താബോർ സഭാ ശുശ്രൂഷകൻ പാസ്റ്റർ കുര്യാക്കോസ് തോട്ടത്തിൽ അധ്യക്ഷത വഹിച്ചു.

1924ൽ സ്ഥാപിതമായ സഭയുടെ ചരിത്ര അവതരണം ഗ്ലോബൽ മലയാളി പെന്തെക്കോസ്ത് മീഡിയ അസോസിയേഷൻ ജനറൽ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ നിർവഹിച്ചു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സി.സി. ഏബ്രഹാം, ഐപിസി ജനറൽ ജോയിന്റ് സെക്രട്ടറി ഡോ.വർക്കി ഏബ്രഹാം കാച്ചാണത്ത് എന്നിവർ സന്ദേശം നൽകി. താബോർ സഭ മുൻ പാസ്റ്റർമാരെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ കെ.കെ.ചെറിയാൻ ആദരിച്ചു. കുടുംബസംഗമത്തോടനുബന്ധിച്ച് മുതിർന്ന അംഗങ്ങളെ ഐപിസി ത്രിപുര സ്റ്റേറ്റ് പ്രസിഡന്റ് ഡോ. ജോർജ് മാത്യു, ഐപിസി സൺഡേസ്കൂൾ യുഎഇ റീജിയൻ ഡയറക്ടർ പാസ്റ്റർ ഡിലു ജോൺ, ഐപിസി പുന്നവേലി സെന്റർ ശുശ്രൂഷകൻ പാസ്റ്റർ തോമസ് വർഗീസ് എന്നിവരെ ആദരിച്ചു.

പ്രമോദ് നാരായൺ എംഎൽഎ, രാജു ഏബ്രഹാം എക്സ് എംഎൽഎ, മേഴ്സി പാണ്ടിയത്ത്, സഭാ വൈസ് പ്രസിഡന്റ് കെ.ടി. വർഗീസ് കപ്പമാംമൂട്ടിൽ, സെക്രട്ടറി പ്രഫ. മാത്യു ഏബ്രഹാം മുള്ളംകാട്ടിൽ, ട്രഷറർ എ.ഐ. ബെന്നി അയന്തിയിൽ, ഐപിസി ഗ്ലോബൽ മീഡിയ ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട്, സണ്ണി വലിയകാലായിൽ ന്യൂയോർക്ക്, പാസ്റ്റർ സന്തോഷ് കെ.കുര്യൻ, പാസ്റ്റർ വർഗീസ് ജോഷ്വ, പാസ്റ്റർ ടി.ടി. സൈമൺ, ബിജു സ്റ്റീഫൻ, പ്രിജോ കെ. ഏബ്രഹാം, പാസ്റ്റർ സാബു ചാപ്രത്ത്, തോമസ് സാമുവേൽ കാനഡ, സാലി കാരംവേലിൽ എന്നിവർ പ്രസംഗിച്ചു. താബോർ ശതാബ്ദി കയർ ഗാന ശുശ്രൂഷ നിർവഹിച്ചു.

അറ്റ്ലാന്റ ഐപിസി വാർഷിക കൺവൻഷനും സംഗീത ശുശ്രൂഷയും



അറ്റ്ലാന്റ : ഇന്ത്യ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് അറ്റ്ലാന്റ (അറ്റ്ലാന്റ ഐപിസി) സഭയുടെ വാർഷിക കൺവൻഷനും ആത്മീയ സംഗീത ശുശ്രൂഷയും ജൂൺ 6 (വെള്ളി), 7 (ശനി) ദിവസങ്ങളിൽ അറ്റ്ലാന്റ ഐപിസി ചർച്ചിൽ (545 Rock Springs Road, Lawrenceville, GA 30943) നടക്കും. സഭയുടെ സീനിയർ ശുശ്രൂഷകൻ റവ. ഡോ. ചെറിയാൻ സി. ഡാനിയേൽ ഉദ്ഘാടനം നിർവഹിക്കും. അനുഗ്രഹീത കൺവൻഷൻ പ്രഭാഷകനും പി.വൈ.പി.എ കേരള സ്റ്റേറ്റ് പ്രസിഡന്റുമായ പാസ്റ്റർ ഷിബിൻ ശാമുവേൽ മുഖ്യ പ്രഭാഷണം നടത്തും. വെണ്ണിക്കുളം സയോൺ സിംഗേഴ്സിന്റെ നേതൃത്വത്തിൽ ബ്രദർ ജെയിംസ് പീടികമലയിലും സിസ്റ്റർ ലിനി ജെയിംസും ശ്രുതി മധുരമായ സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. ദിവസവും വൈകിട്ട് 6-9 വരെ പൊതുയോഗം ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: എബ്രഹാം തോമസ് - 404.406.5882, രാജൻ ആര്യപ്പള്ളിൽ - 678.571.6398, ജെയിംസ് റ്റി. ശാമുവേൽ - 770.713.1727

നിബു വെള്ളവന്താനം

വാർഷിക സമ്മേളനവും യുവജന ക്യാമ്പും

ഉദയ്പൂർ: രാജസ്ഥാൻ പെന്തെക്കോസ്തൽ ചർച്ച് 62-ാമത് വാർഷിക സമ്മേളനവും ദേശീയ F.Y.M. യുവജന ക്യാമ്പും V.B.S ഉം ജൂൺ 12-15 വരെ ഉദയ്പൂരിൽ നടക്കും. Called Out (എഫെസ്യർ 2:10) എന്നതാണ് ചിന്താവിഷയം. റവ. ജോ തോമസ് (ബാംഗളൂർ) ആണ് മുഖ്യപ്രഭാഷകൻ. പാസ്റ്റർമാർക്ക് ത്രിബുവനും F.Y.M കയർ സംഗീത ശുശ്രൂഷ നയിക്കും.

വിശ്വാസം മാത്രം കൈമുതലാക്കി ഡോ. തോമസ് മാത്യു രാജസ്ഥാന്റെ ഊഷര ഭൂമിയിൽ എത്തി ഉദയ്പ്പൂരിൽ സ്ഥാപിച്ചതാണ് രാജസ്ഥാൻ പെന്തെക്കോസ്തൽ ചർച്ച്. ആ വേല തികച്ച് നിത്യതയിലേക്ക് പറന്നുപോയ അദ്ദേഹത്തിന്റെ കഠിനാധ്വാനങ്ങളെ മാനിച്ച കർത്താവ് ആയിരത്തോളം അംഗങ്ങളുള്ള ഒരു വലിയ പ്രദേശിക സഭയായി അതിനെ വളർത്തി.

സ്റ്റാൻലി ജോർജിന് ഗ്ലോബൽ ഇന്ത്യൻ പുരസ്കാരം



ഹ്യൂസ്റ്റൺ: അമേരിക്കൻ രാഷ്ട്രീയ തന്ത്രജ്ഞനും മനുഷ്യാവകാശ പ്രവർത്തകനുമായ സ്റ്റാൻലി ജോർജിന് ഗ്ലോബൽ ഇന്ത്യൻ പൊളിറ്റിക്കൽ എക്സലൻസ് പുരസ്കാരം.

ഹ്യൂസ്റ്റണിൽ നടന്ന ഇൻഡോ അമേരിക്കൻ ഫെസ്റ്റിവലാണ് അമേരിക്കൻ രാഷ്ട്രീയ, ഭരണ രംഗങ്ങളിലെ ശക്തമായ ഇടപെടലുകൾക്കും മനുഷ്യാവകാശ മതസ്വാതന്ത്ര്യ പ്രവർത്തന രംഗങ്ങളിലെ സംഭാവനകൾക്കും പുരസ്കാരം നൽകി ആദരിച്ചത്.

ഗ്ലോബൽ ഇന്ത്യ 'കർമ്മ ശ്രേഷ്ഠ' പുരസ്കാരം നേടിയ മുതിർന്ന കോൺഗ്രസ് നേതാവും പ്രവർത്തകസമിതി അംഗവുമായ രമേശ് ചെന്നിത്തല, ഹ്യൂസ്റ്റൺ സിറ്റി കൗൺസിൽ ജനപ്രതിനിധികൾ, ഇന്ത്യൻ പ്രവാസി സംഘടനാനേതാക്കൾ പങ്കെടുത്തു. ഗ്ലോബൽ ഇന്ത്യൻ ന്യൂസ് ചെയർമാൻ ജെയിംസ് കൂടൽ, ജീമോൻ റാന്നി തുടങ്ങിയവർ നേതൃത്വം നൽകി.

ബാലജനസഖ്യം, കെഎസ്സ്യു, പി വൈ പി എ സംഘടനകളിലൂടെ പൊതുപ്രവർത്തനം തുടങ്ങിയ സ്റ്റാൻലി ജോർജ്, പ്രസിഡണ്ട് ഡൊണാൾഡ് ട്രംപിന്റെ 'ക്യാമ്പയിൻ സ്ട്രാറ്റജി' സംഘത്തിലും റിപ്പബ്ലിക്കൻ പാർട്ടി ദേശീയ ഉപദേശക സമിതിയിലും ഏക ഇന്ത്യൻ വംശജനാണ്.

അമേരിക്കയിലെ ഇന്ത്യൻ ക്രിസ്ത്യൻ പൊതു സംഘടനയായ ഫിയക്കോണ അഡ്വക്കസി ഡയറക്ടറായും അന്തർദേശീയ സംഘടനയായ 'എക്ലീസിയ യുണൈറ്റഡ് ഇന്റർനാഷണൽ ' വൈസ് ചെയർമാനായും മനുഷ്യാവകാശ മതസ്വാതന്ത്ര്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ഫിന്നി ജോസഫിന് ഒന്നാം റാങ്ക്



തൃശൂർ: എം.എ. ഡിജിറ്റൽ അനിമേഷനിൽ എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ഫിന്നി ജോസഫിന് ഒന്നാം റാങ്ക്. തേവര സേക്രട്ട് ഹാർട്ട് കോളേജ് വിദ്യാർത്ഥിയായിരുന്നു. തൃശൂർ മാറ്റാംപുറം പാറയ്ക്കൽ പാസ്റ്റർ പി.എസ്. ജോസഫിന്റെയും ലിസിയുടെയും മകനാണ്.

വേർപാടുകൾ

പി.ജി. പാപ്പച്ചൻ



അടൂർ: ഐപിസി ഫിലദൽഫിയ കഞ്ഞിക്കുഴി സഭാ ശുശ്രൂഷകൻ പാസ്റ്റർ മോൻസി പി. മാത്യുവിന്റെ ഭാര്യാപിതാവ് മണക്കാല കാഞ്ഞിരവിളത്തടത്തിൽ പി.ജി. പാപ്പച്ചൻ (90) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ജൂൺ 4ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം മണക്കാല ശാരോൻ ഫെല്ലോഷിപ് സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: പരേതയായ ലിസി ജെയിംസ്, ലാലി വർഗീസ്, ലൗലി മോൻസി. മരുമക്കൾ: ജെയിംസ് സാമുവേൽ, ഇ.കെ. വർഗീസ്, പാസ്റ്റർ മോൻസി പി. മാത്യു.

സ്റ്റീവ് രാജേഷ്



ഹരിപ്പാട്: ഒഡിഷയിൽ ഐപിസി സെന്റർ പാസ്റ്ററായി പ്രവർത്തിക്കുന്ന പാസ്റ്റർ രാജേഷ് പിള്ളയുടെ മകൻ സ്റ്റീവ് രാജേഷ് (23) വെള്ളത്തിൽ വീണ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

മാതാപിതാക്കളോടൊപ്പം നാട്ടിൽ എത്തിയ സ്റ്റീവ് കൂട്ടുകാരോടൊപ്പം മീൻ പിടിക്കാൻ വള്ളത്തിൽ യാത്ര ചെയ്യുമ്പോൾ വള്ളം മറിഞ്ഞാണ് അപകടം ഉണ്ടായത്. മാതാവ്: ജിജി രാജേഷ്, സഹോദരങ്ങൾ: സ്റ്റെയിൻ, സ്റ്റെഫി.

ബൈജു വർഗീസ്



പത്തനാപുരം: കാറ്റിലും മഴയിലും ഒടിഞ്ഞു തൂങ്ങിയ റബ്ബർമരം വെട്ടിമാറ്റാൻപോയ ഗൃഹനാഥൻ മരം വീണ് മരിച്ചു. പട്ടാഴി മൈലാടുംപാറ ടർക്കി ജങ്ഷൻ പാലമൂട്ടിൽവീട്ടിൽ ബൈജു വർഗീസാണ് (സാബു-55) സ്വന്തം പുരയിടത്തിൽ മരിച്ചത്. ഐപിസി ഹെബ്രോൻ പട്ടാഴി സഭാംഗമാണ്. സംസ്കാരം മെയ് 31ന് സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: പ്രിയ. മക്കൾ: അലൻ, അലീന.

വെളിപ്പാട് പുസ്തകം മനപാഠം ചൊല്ലി ശ്രദ്ധേയനായി ഫിലോസ്



വാക്യങ്ങൾ എത്ര വേണമെങ്കിലും മനപാഠമായി ചൊല്ലാൻ 26 കാരനായ ഫിലോസിന് ഈസിയാണ്. വെളിപ്പാട് പുസ്തകം 22 അധ്യായങ്ങൾ 35 മിനിറ്റു കൊണ്ട് മന:പാഠമായി ചൊല്ലി ആത്മീക രംഗത്ത് ചരിത്രം തിരുത്തുകയാണ് ഈ യുവാവ്. ഒട്ടനവധി സങ്കീർത്തനങ്ങൾ മനപാഠമാക്കിയിട്ടുള്ള ഫിലോസിന് ഇത് അനായാസേന പറയാൻ കഴിഞ്ഞതും ഏറെ ശ്രദ്ധേയമായി. പഴഞ്ഞിയിൽ സദാർത്താ മഹോത്സവത്തോടനുബന്ധിച്ച് നടന്ന യുവജന വിദ്യാർഥി സംഗമത്തിലാണ് ഏതാനും മിനിറ്റുകൾ കൊണ്ട് ചൊല്ലി ജനശ്രദ്ധ നേടിയത്. വെള്ളം പോലും കുടിക്കാൻ സമയമെടുക്കാതെയാണ് ഒരേ രീതിയിൽ ചൊല്ലി തീർത്തത്. നാല് വർഷം മുൻപ് 119-ാം സങ്കീർത്തനം മനപാഠമായി ചൊല്ലി ഫിലോസ് ആത്മീക ലോകത്ത് ശ്രദ്ധേയനായിരുന്നു.

കുന്നംകുളം സെന്റർ സുവർണ ജൂബിലി സുവനീർ ലോഗോയും കവർ പേജും പ്രകാശനം ചെയ്തു



കുന്നംകുളം: ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭാ കുന്നംകുളം സെന്റർ സുവർണ ജൂബിലിയുടെ ഭാഗമായി പുറത്തിറക്കുന്ന സുവനീറിന്റെ ലോഗോയും കവർ പേജും പ്രകാശനം ചെയ്തു. അകമ്പാടം ബെർശേബാ ഹാളിൽ നടന്ന സമ്മേളനത്തിൽ സെന്റർ മിനിസ്റ്റർ പാസ്റ്റർ സാം വർഗീസ് സുവനീർ ലോഗോയും കവർ പേജും പ്രകാശനം ചെയ്തു. സെന്റർ സെക്രട്ടറി പാസ്റ്റർ വിനോദ് ഭാസ്കർ അധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ സുവനീർ പബ്ലീഷർ ഷിജു പനക്കൽ സുവനീർ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു.

1932 മുതൽ കുന്നംകുളത്ത് ഐപിസി പ്രവർത്തനം ആരംഭിച്ചുവെങ്കിലും 1976 ലാണ് കുന്നംകുളം സെന്റർ രൂപീകരിച്ചത്. ആദ്യകാലങ്ങളിൽ എട്ടു സഭകളാണ് സെന്ററിൽ ഉണ്ടായിരുന്നത് ഇപ്പോൾ ഇരുപത്തേട്ടോളം സഭകളുണ്ട്. 2026 ജനുവരിയിൽ നടക്കുന്ന കൺവെൻഷനിൽ 'സിക്കാറോൺ' എന്ന പേരിൽ സുവനീർ പ്രകാശനം ചെയ്യും. സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ പി.കെ. ജോൺസൻ, എഡിറ്റർ പാസ്റ്റർ കെ.ജെ. തോമസ്, എഡിറ്റോറിയൽ ബോർഡ് മെമ്പർമാരായ പാസ്റ്റർ കെ. ശാമുവേൽ, ഷാജു ചെറുവത്തൂർ എന്നിവർ നേതൃത്വം നൽകി.

SWARGEEYADWANI
CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 05.06.2025

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 26 Issue. 11 RNI. No. KERMAL/2002/09730 Annual Subscription 200 Pages 8



ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781

ഒരു വാക്കല്ലേ പറഞ്ഞുള്ളൂ

ദാവീദും ഗോല്യാത്തും ഏലാ താഴ്വരയും മല്ലയുദ്ധവും ഒക്കെ നമ്മുടെ മനസിൽ ആദ്യം തന്നെ പതിയുന്ന ബൈബിൾ സംഭവങ്ങളിലൊന്നാണ്. ദാവീദ് രാജാവിനെ ദൈവം അഭിഷേകം ചെയ്ത ചരിത്രമൊക്കെ വായിച്ച് ഗ്രഹിച്ച് നാം എത്തി നില്ക്കുന്നത് ഏലായുടെ താഴ്വാരങ്ങളിലെ യുദ്ധക്കളത്തിലാണ്.

ശത്രു പക്ഷം ഗോല്യാത്ത് എന്ന നെടിയ മനുഷ്യനെ മുന്നിൽ നിർത്തി ശൗലിന്റെ പക്ഷത്തുള്ളവരെ നിരന്തരം വെല്ലുവിളിക്കുകയാണ്. നാളുകൾ പിന്നിടുന്തോറും ശത്രുവിന്റെ വെല്ലുവിളികൾ ഉയരുമ്പോൾ പതറിപ്പോവുകയാണ് ശൗലിന്റെ പക്ഷത്തുള്ളവർ. രാവിലെയും വൈകിട്ടും ഗോല്യാത്ത് വെല്ലുവിളി ഉയർത്തും, തന്നോട് നേരിടുവാൻ കരുത്തും ധൈര്യവുമുള്ള ഒരാൾ പോലും എതിർ പക്ഷത്തില്ലാത്തതിനാൽ ഗോല്യാത്തിന്റെ ശബ്ദം അടിക്കടി ഉയർന്നു കൊണ്ടിരുന്നു.

എന്തു ചെയ്യണമെന്നറിയാതെ ശൗലും സംഘവും സങ്കടക്കടലിലൂടെ സഞ്ചരിക്കുമ്പോഴാണ് ദാവീദ് രംഗ പ്രവേശം ചെയ്യുന്നത്. പിതാവായ യിശായിയുടെ നിർദ്ദേശപ്രകാരമാണ് ദാവീദ് യുദ്ധസ്ഥലത്തെത്തിയത്. അപ്പൻ ദാവീദിനെ അയച്ചത് കേവലം ഒരു

'കൊറിയർ ബോയ്'ക്ക് സമാനമാണ്. മറ്റുമക്കൾക്കും സൈന്യാധിപനും ഒക്കെ ചില വിഭവങ്ങൾ കൈമാറി മടങ്ങി വരുന്ന ദൗത്യമായിരുന്നു യിശായി ദാവീദിന് കൈമാറിയത്.

ദാവീദ് യുദ്ധഭൂമിയിലെത്തിയപ്പോൾ കാണുന്നതും കേൾക്കുന്നതും ഒട്ടും ആശാസ്യമായവയല്ല. ദൈവമനുഷ്യർക്ക് നേരെ ശത്രു ഉയർത്തുന്ന വെല്ലുവിളികൾ കടുത്തതാണ്. ദൈവമക്കൾക്ക് അത് കേട്ടു നില്ക്കുക പ്രയാസമാണ്. കേട്ടവരിൽ പലർക്കും പ്രതികരിക്കണമെന്നു തോന്നിയിട്ടുണ്ടാകാം. പക്ഷെ, അതിനുള്ള ഉൾക്കരുത്തില്ല.

എന്നാൽ ദാവീദിന് പകച്ചു നില്ക്കാനല്ല തോന്നിയത്. കടുത്ത പ്രതികരണവുമായി മുന്നിൽ നില്കുവാൻ തന്നെ തീരുമാനിച്ചു. അതിനുള്ള കാരണങ്ങൾ നിരത്തുവാൻ നിരവധിയുണ്ട്. ജീവിതത്തിന്റെ നാൾവഴികളിൽ ദൈവം ചെയ്ത ഉപകാരങ്ങളുടെ എണ്ണം പറഞ്ഞാൽ തീരില്ല ദാവീദിന്, അത്രമേൽ ദൈവകരുതൽ ഈ ചെറിയ ജീവിതത്തിൽ അനുഭവിച്ചിട്ടുണ്ട്. ദൈവം ഉപയോഗിച്ച വിധങ്ങൾ കൂടി ഓർക്കുമ്പോൾ എത്രയോ നന്ദിയാൽ ഉള്ളം നിറഞ്ഞു കവിയുകയാണ്. അനുഭവങ്ങളുടെ ഓർമ്മകളിൽ നിന്നും കുതിച്ചു ചാടുന്നത് ഗോല്യാത്തിന്റെ വെല്ലുവിളികൾക്കു മറുപടി നല്കുവാനാണ്.

ആ യാത്രയിലാണ് മൂത്ത സഹോദരൻ ഏലിയാബ് ദാവീദിനെ ശകാരിക്കുകയും ഇകഴ്ത്തുകയും ചെയ്യുന്ന വാക്കുകളുമായി രംഗ പ്രവേശം ചെയ്യുന്നത്. 'നിന്നെ എന്തിന് കൊള്ളാം, നീ അഹങ്കാരിയാണ്' അങ്ങനെ പോകുന്നു കുറ്റപത്രം. ആ വാക്കുകൾ കേട്ടാൽ സാധാരണ ആരും നല്ല മറുപടി തിരികെ നല്കും. അത്രമാത്രം ഇകഴ്ത്തൽ ജ്യേഷ്ഠന്റെ വാക്കുകളിലുണ്ട്. പക്ഷെ ദാവീദ് മറുപടി പറഞ്ഞത് 'ഞാൻ ഒരു വാക്കല്ലേ പറഞ്ഞുള്ളൂ' എന്നാണ്.

ആ ഒറ്റ വാചകം പറഞ്ഞ് ദാവീദ് മുന്നോട്ട് പോയി, തിരിഞ്ഞു നിന്നു ജ്യേഷ്ഠനെ എതിർത്തില്ല. ഇന്നു പലരും തിരിഞ്ഞു നില്ക്കുകയാണ്, ജ്യേഷ്ഠൻമാർക്കെതിരെ പൊരുതുകയാണ്. ഗോല്യാത്തിൽ നിന്നും ശ്രദ്ധ ജ്യേഷ്ഠനെ എതിർക്കുക എന്നതിലേക്കായി.ഗോല്യാത്ത് അതിർ കടന്നു വരുന്നതു പോലും ശ്രദ്ധിക്കാതെ ജ്യേഷ്ഠൻമാരെ തകർക്കുക എന്ന 'റീസെറ്റ്' ചെയ്ത ലക്ഷ്യവുമായി ജീവിതം പാഴാക്കുകയാണ്.

'ഞാൻ ഒറ്റ വാക്കല്ലേ പറഞ്ഞുള്ളൂ' എന്നത് ഒരു പഞ്ച് മറുപടിയല്ല, കൈയ്യടി കിട്ടണമെന്നുമില്ല.പക്ഷെ ആ വാക്ക് ദാവീദിനു നല്കിയ ഒരു കരുത്തുണ്ട്. പകയുടെ, തിരിച്ചറിവിന്റെ, ലക്ഷ്യബോധത്തിന്റെ ഉൾക്കരുത്ത്.

അതിൽ പിടിച്ചു ദാവീദ് യഥാർത്ഥ നിയോഗത്തിലേക്കും അതിനായി സെറ്റാക്കിയിരിക്കുന്ന ലക്ഷ്യത്തിലേക്കും യാത്ര തുടർന്നു. ദാവീദ് ഗോല്യാത്തിനെ വീഴ്ത്തുകയും ചെയ്തു. ശൗലിനും സൈന്യത്തിനും വിജയമൊരുക്കി, ദൈവത്തിന്റെ പക്ഷത്തിന് അഭിമാനം പകർന്നു. ദാവീദ് അത്ഭുതമായി. അനർഘമായ ചരിത്രത്തിനു കാരണവുമായി.

ലക്ഷ്യത്തിലെത്തുവാൻ പക്വമായ നിലപാടുകളും തീരുമാനങ്ങളും വേണം.പ്രകോപിപ്പിക്കുവാനും പ്രലോഭിപ്പിക്കുവാനും ചുറ്റും ആളുകൾ വന്നേക്കാം. കെണിയിൽ പെടാതിരിക്കുവാനുള്ള വിവേകം വേണം. ആ വിവേകം വിജയത്തിലേക്കു നയിക്കും. ഒറ്റ വാക്കല്ലേ പറഞ്ഞുള്ളൂ എന്നു പറഞ്ഞ് ലക്ഷ്യത്തിൽ നിന്നും അണുവിട വ്യതിചലിക്കാതെ മുന്നോട്ടു പോയ പാഠം നമ്മെയും പഠിപ്പിക്കട്ടെ. തിരിഞ്ഞു നിൽക്കരുത്; യാത്ര തുടരുക.

അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന് (APCCON) പുതിയ ഭാരവാഹികൾ



അബുദാബി: അബുദാബിയിലെ പെന്തെക്കോസ്ത് സഭകളുടെ സംയുക്ത കൂട്ടായ്മയായ അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (APCCON) 2025-27 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. തിങ്കളാഴ്ച വൈകിട്ട് അപ്കോൺ പ്രസിഡന്റ് പാസ്റ്റർ എബി എം. വർഗീസിന്റെ അധ്യക്ഷതയിൽ നടന്ന ജനറൽ ബോഡിയിൽ വച്ചാണ് പ്രവർത്തന വർഷത്തേക്കുള്ള പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തത്.

ഐപിസി അബുദാബി സീനിയർ ശുശ്രൂഷകനും, വേദാധ്യാപകനും, വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദധാരിയുമായ റവ.ഡോ. അലക്സ് ജോൺ പ്രസിഡന്റായും പാസ്റ്റർ ഷിബു വർഗീസ് (വൈസ് പ്രസിഡന്റ്), ബ്രദർ ജോ സി. മാത്യു (സെക്രട്ടറി), ബ്രദർ ജോൺ മാത്യു (ട്രഷറർ), ബ്രദർ ബിമിൻഡ ബെഞ്ചമിൻ (ജോ. സെക്രട്ടറി0, ബ്രദർ ജാക്സൺ പീറ്റർ (ജോ. ട്രഷറാർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. മറ്റ് ഭാരവാഹികളായി കയർ ലീഡർ: ബ്രദർ റോബിൻ ലാലച്ചൻ, അസിസ്റ്റന്റ്കയർ ലീഡേഴ്സ്: ഇവാ. പ്രസാദ് സോമരാജൻ, ബ്രദർ ജോൺ ജേക്കബ്, ബ്രദർ ജെയ്സൺ അഗസ്റ്റിൻ, യൂത്ത് ലീഡർ: ബ്രദർ ലിൻജോ മാത്യു, മിഷൻ ഡയറക്ടർ: ബ്രദർ ഏബ്രഹാം മാത്യു, അസ്സോസിയേറ്റ് മിഷൻ ഡയറക്ടർ: ബ്രദർ ജോബ്സൺ കുരിയൻ, പ്രയർ കോർഡിനേറ്റേഴ്സ്: പാസ്റ്റർ നൈനാൻ പി. മാത്യു, ഇവാ. റൊണാൾഡ് ടി. ബെഞ്ചമിൻ, ചാരിറ്റി കോ ഓർഡിനേറ്റർ: ബ്രദർ മാത്യു പി.ഇ., ഓഡിറ്റർ: ബ്രദർ ജോഷ്വാ ജോർജ് മാത്യു, പബ്ലിസിറ്റി കൺവീനർ ബ്രദർ ജോജി വർഗീസ് തുടങ്ങിയവരാണ് പുതിയതായി തെരഞ്ഞെടുക്കപ്പെട്ടവർ

ഐപിസി എബൻ ഏസർ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ സി. ജോർജ് മാത്യു തെരഞ്ഞെടുക്കപ്പെട്ടവരെ അനുഗ്രഹിച്ചു പ്രാർഥിച്ചു.

വരിസംഖ്യയും മേൽവിലാസവും പുതുക്കുക

The Editor, Swargeeya Dwoni, P.O. Box. 35, Adoor Shopping Complex, K.S.R.T.C Jn., Adoor691 523
Swargeeyadwoni, A/C No. 1042020004867, IFSC Code: FDRL 0001042, Federal Bank, Adoor.
Google pay No. 9447593865. Name : Finny P Mathew



Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon